
2016 ഒക്ടോബർ

163

# ലിറ്റിൽ മാസിക



ലക്കം

**163**

**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

**Copy Heart**

*Copying is an act of love.*
*Please copy and share it*

എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

പത്രാധിപ സമിതി
**ജയപ്രകാശ് നിലമ്പൂർ**
**പി.എം. ജോൺ**
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

പ്രിന്റിംഗ്
എ-വൺ ഓഫ്സെറ്റ്
രാമനാട്ടുകര

*ജീവിതത്തെക്കുറിച്ചുള്ള എഴുത്തുകൾക്ക് ഈ മാസികയിലിടമുണ്ട്. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ലളിതമായ ജീവിതം, പ്രകൃതിജീവനം, ആഹാരം, വസ്ത്രം, പാർപ്പിടം, പള്ളിക്കൂടം, യാത്ര, അടുക്കള, നടത്തം, കരുണ, സഹജമായ പുഞ്ചിരി, ധ്യാനം, ബദൽ മാർഗ്ഗങ്ങൾ, ചെറുപ്രാണികൾ, കാട്, ജൈവവിപണികൾ, പ്രകാശം പരത്തുന്നവർ...അങ്ങനെ ജീവിതത്തെക്കുറിക്കുന്നതെന്തും മാസികയുമായി പങ്കുവെക്കൂ..*



# വീട്ടിലെത്തുന്ന വിൽപ്പനക്കാരെ ഓർക്കുമോ?

തകർന്നുകൊണ്ടിരിക്കുന്ന കൈത്തറി വ്യവസായത്തെ സഹായിക്കാൻ ഒരു ദിവസം ഖാദിവസ്ത്രം എന്ന സർക്കാർ കാമ്പയിൻ പോലെ പ്രസക്തമായ നിരവധി കാമ്പയിനുകൾ ഉണ്ട്. വീടുകളിൽ ചെറിയ സഞ്ചിയിൽ പലഹാരങ്ങൾ ഉണ്ടാക്കി വിൽപ്പനയ്ക്കെത്തുന്ന സ്ത്രീകളുൾപ്പെടെയുള്ളവരെ സഹായിക്കാനും നമ്മുടെ ശ്രദ്ധ പതിയേണ്ടതാണല്ലോ. വൻകിട ബേക്കറികളിൽ നിന്നും ഷോപ്പിംഗ് മാളുകളിൽ നിന്നും മനോഹരമായി പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾ മാത്രം വാങ്ങുന്നവർ ഇടയ്ക്കെങ്കിലും വീട്ടിൽ ഉണ്ടാക്കി സ്വന്തമായി വിതരണം ചെയ്യുന്ന നാടൻ പലഹാരങ്ങൾ വാങ്ങാൻ ശ്രദ്ധിച്ചാൽ അസംഘടിതരും വരുമാനമില്ലാത്തവരുമായ നിരവധി പേർക്ക് ജീവിതമാർഗ്ഗമാകും.

ഉപഭോക്താവിന് തന്റെ പണം എങ്ങനെ ചിലവിടണം എന്ന് തീരുമാനിക്കാൻ സ്വാതന്ത്ര്യമുണ്ട്. പരസ്യ കോലാഹലങ്ങൾ എന്തുതന്നെ വന്നാലും ശ്രദ്ധയോടെയുള്ള നമ്മുടെ ഉപഭോഗ തീരുമാനങ്ങൾ കൊണ്ടും വലിയ ചലനങ്ങൾ ഉണ്ടാക്കാം. മൾട്ടി നാഷണൽ കമ്പനികളോട് മാവോ രീതിയിൽ പോരാടാൻ പറ്റില്ല. പക്ഷേ കുത്തക ഭീമൻമാരുടെ ഉല്പന്നം വാങ്ങില്ല എന്ന തീരുമാനം 5 രൂപ മുടക്കി ഒരു പേന വാങ്ങുന്നയാളിനും സ്വീകരിക്കാം. യൂണിയൻ കാർബൈഡിന്റെ എവറെഡി ബാറ്ററി ഉപയോഗിക്കുന്നത് അവസാനിപ്പിച്ച് ഭോപ്പാൽ ദുരന്തത്തിനുത്തരവാദികളായവരോട് പ്രതികരിച്ചവർ ധാരാളമാണ്. വിലക്കുകൾ ഭേദിച്ച് വീണ്ടും വിപണിയിൽ എത്തിയ കോളാ കമ്പനികളോട് പ്രതിഷേധിക്കാൻ നാരങ്ങാ സർബത്ത് കുടിച്ചാലും മതി. വിപണിയോട് ചെറുത്തുനിൽക്കുന്ന ഉപഭോഗത്തിന്റെ രാഷ്ട്രീയം നമുക്കു സ്വായത്തമാക്കാൻ കഴിയും.

പൊരിവെയിലത്ത് സഞ്ചിയിൽ പലഹാരങ്ങളും, മൺപാത്രങ്ങളും, കുട്ട, ചൂൽ ഇവയൊക്കെയുമായി വരുന്നവരോട് വിലപേശി പരമാവധി കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ തരപ്പെടുത്തുന്നവർ സൂപ്പർ മാർക്കറ്റിലെ പ്രിന്റഡ് പ്രൈസ് നോക്കി മിണ്ടാതെ പണം നൽകി സ്ഥലം വിടും.

ഗ്രാമീണ, ചെറുകിട സംരംഭങ്ങളോട് സഹാനുഭൂതിയോടെ ഇടപെടുന്ന സമീപനം ഉപഭോഗത്തിന്റെ കാര്യത്തിൽ നാം സ്വായത്തമാക്കേണ്ടതുണ്ട്.

നമ്മുടെ നാട്ടിൻപുറങ്ങളിൽ വരെ ആധുനികരീതിയിൽ സജ്ജീകരിച്ച സലൂണുകൾ വന്നതോടെ സാധാരണ ബാർബർ ഷോപ്പുകളിൽ തിരക്കു കുറയുന്നുണ്ട്. ആർഭാടം കൂടിയ കടയും സ്ഥാപനവും മികച്ച സേവനം തരും എന്ന ധാരണ പലപ്പോഴും ശരിയാവാറില്ല. മറഞ്ഞിരിക്കുന്ന ചിലവുകൾ പലപ്പോഴും ശ്രദ്ധയിൽ പെടാറില്ലെന്നു മാത്രം!

ചായപ്പൊടി, കാപ്പിപ്പൊടി, പാചകമസാലകൾ, കൈത്തറിത്തുണികൾ, പലഹാരങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവകൾ വീടുകളിലും ഓഫീസുകളിലും വന്ന് വിൽപ്പന നടത്തുന്ന ഏകാംഗ തൊഴിൽ സംരംഭകരെ കൂടി പരിഗണിക്കുന്ന ഉപഭോഗ തീരുമാനങ്ങൾ നാം എടുത്താൽ അത് ഉപഭോക്താവ് എന്ന നിലയിൽ നാം സ്വീകരിക്കുന്ന വലിയ വിപ്ലവകരമായ ചുവടായിരിക്കും.

സ്വീകരിക്കാവുന്ന ചില സമീപനങ്ങൾ

1. സാധനങ്ങൾ വാങ്ങുമ്പോൾ, വീടുകളിൽ നിർമ്മിച്ച് സ്വന്തം നിലയ്ക്ക് വിതരണം ചെയ്യുന്നവരെ കൂടി പരിഗണിക്കാം.
2. വലിയതും തിരക്കുള്ളതുമായ കടകളും സ്ഥാപനങ്ങളും മാത്രം തിരഞ്ഞെടുക്കാതെ വല്ലപ്പോഴുമെങ്കിലും ചെറിയ തിരക്കു കുറഞ്ഞ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാം.

പായ്ക്കറ്റും, വിപണനവും കൊണ്ട് മാത്രം സാധനം/സേവനം മികച്ചതാവണമെന്നില്ല എന്ന് മനസ്സിലാക്കുക.

**പിൻക്കുറി:**

*ഒരാൾ വലിയ ഷോപ്പിംഗ് മാളിലൂടെ ചുറ്റിനടക്കുകയായിരുന്നു.മണിക്കൂറുകൾ കഴിഞ്ഞ് ഒരു സാധനവും വാങ്ങാതെ മടങ്ങുകയായിരുന്ന അയാളോട് മാൾ ജീവനക്കാരൻചോദിച്ചു''എന്താ നിങ്ങൾക്ക് പറ്റിയതൊന്നും കിട്ടിയില്ലേ..'' അയാളുടെ മറുപടി ഇങ്ങനെയായിരുന്നു ''ഇത്രയും നേരം ഈ മാളിൽ എനിക്ക് ആവശ്യമില്ലാത്തത് എന്തൊക്കെയുണ്ടന്ന് നോക്കി മനസ്സിലാക്കുകയായിരുന്നു..''*



*കവർ ചിത്രം*
*ഇക്കഴിഞ്ഞ മെയ് 13ന് അന്തരിച്ച*
*ലിറ്റിൽ മാസികയുൾപ്പടെയുള്ള*
*സമാന്തര/ ബദൽ*
*പ്രസ്ഥാനങ്ങളുടെ സഹയാത്രികൻ*
***ബാബുസക്കറിയ***


## മൺസൂൺ കിച്ചൻ

വേനൽക്കാലത്തു കരുതി വെച്ച ചക്കക്കുരു പുറംതൊലി മാത്രം ചുരണ്ടിക്കളഞ്ഞ് കൊത്തി മൺകലത്തിൽ പുഴുങ്ങുക. ഒരൽപ്പം മഞ്ഞൾപ്പൊടിയും ഉപ്പുമാകാം. ചീര/മുരിങ്ങ/മറ്റിലകൾ ധാരാളം അരിഞ്ഞത് വെന്ത ചക്കക്കുരുവിൽ ചേർത്ത് മൂടിവെച്ച് വേവിക്കുക. വാങ്ങിവെച്ച ശേഷം തേങ്ങയും നാലഞ്ച് ചെറിയ ഉള്ളിയും ചീനമുളകും ഒരുമിച്ച് ചതച്ചെടുത്ത് കറിയിൽ ചേർക്കുക.. വെള്ളത്തിന്റെ തോതനുസരിച്ച് കറിയായോ, പുഴുക്കുപോലെയോ കഴിക്കാം.



*ലിറ്റിൽ മാസിക ചില ലക്കങ്ങൾ മുടങ്ങി. ചെറുമാസികകളുടെ പതിവു പ്രതിസന്ധികൾ തന്നെ. ചിലവ് കുറക്കാൻ കോപ്പികളുടെ എണ്ണം കുറക്കുകയാണ്. മാസിക ആവശ്യമുള്ളവർക്കാണല്ലോ അയക്കേണ്ടത്.മാസിക കിട്ടുന്നവരിൽ പലരും കിട്ടുന്ന വിവരം പോലും അറിയിക്കാറില്ല. അതിനാൽ ഈ ലക്കം കിട്ടിയാൽ തുടർന്ന് വേണമെന്നുണ്ടങ്കിൽ അറിയിക്കുമെല്ലോ. -ലിമാ*

# ഫിനിഷിംഗ് പോയന്റ്



1966 ഏപ്രിൽ 19. റോബട്ര ബോബി ഗിബ് എന്ന 23 വയസ്സുകാരി ബോസ്റ്റൺ മാരത്തണിന്റെ ഫിനിഷിംഗ് പോയന്റിലേക്ക് ഓടിക്കയറിയപ്പോൾ നേടിയെടുത്തത് 42.2 കിലോമീറ്റർ ഓട്ടം ഓടിത്തികച്ച ലോകത്തിലെ ആദ്യത്തെ വനിത എന്ന പദവിയാണ്. മത്സരത്തിന് രണ്ട് മാസം മുമ്പ് ബോസ്റ്റൺ അത്‌ലറ്റിക് അസോസിയേഷനിൽ മാരത്തണിൽ പേര് രജിസ്റ്റർ ചെയ്യാൻ ചെന്നപ്പോൾ പക്ഷേ കിട്ടിയത് കയ്പേറിയ അനുഭവം. മത്സര ഓട്ടത്തിന്റെ ചുമതലക്കാരൻ സ്ത്രീകൾക്ക് ദീർഘദൂരം ഓടാൻ കഴിയില്ല എന്ന് പറഞ്ഞ് ഗിബിനെ മടക്കിയയക്കുകയായിരുന്നു.

ഗിബ് പക്ഷേ പിന്മാറിയില്ല. മാരത്തൺ തുടങ്ങുന്ന അന്ന് കറുത്ത സ്വിം സ്യൂട്ടും സഹോദരന്റെ ഷോർട്സും ധരിച്ച് തലമുടി മറയ്ക്കുന്ന തരത്തിൽ വസ്ത്രധാരണം നടത്തി സ്റ്റാർട്ടിംഗ് പോയിന്റിനടുത്തുള്ള കുറ്റിച്ചെടികൾക്കിടയിൽ മറഞ്ഞിരുന്നു. മത്സര ഓട്ടക്കാർ പകുതിപേർ ഓടാൻ തുടങ്ങിയപ്പോൾ ഗിബും കൂട്ടത്തിൽ ചേർന്നു. ഓട്ടം തുടങ്ങി കുറച്ചായപ്പോഴേക്കും സഹഓട്ടക്കാർക്ക് പെണ്ണൊരുത്തി കൂടി കൂടെ ഓടുന്നത് പിടികിട്ടി. പക്ഷേ അവർ ഗിബിനെ ഉത്സാഹത്തോടെ പ്രോത്സാഹിപ്പിച്ചു. ഓട്ടത്തിനിടയിൽ ഉടനീളം കലവറയില്ലാതെ പിന്തുണയും പ്രോത്സാഹനവും. 3 മണിക്കൂറും 21 മിനിറ്റും 40 സെക്കന്റും കൊണ്ട് ഫിനിഷ് പോയിന്റിൽ എത്തിയപ്പോൾ കൂടെ ഓടിയ പുരുഷന്മാരിൽ മൂന്നിൽ രണ്ട് ഭാഗവും പിന്നിൽ.

പിറ്റേദിവസത്തെ പത്രങ്ങളിൽ ഗിബ് നിറഞ്ഞ് നിന്നു. 1967 ൽ മറ്റൊരു വനിത ബോസ്റ്റൺ മാരത്തണിൽ വിജയിയായി. പിന്നീട് തൊട്ടടുത്ത വർഷം ആകെ 5 വനിതകൾ മാരത്തണിൽ വിജയിച്ചു. ബോസ്റ്റൺ അത്‌ലറ്റ് അസോസിയേഷൻ 1972 ൽ വനിതകളെ മാരത്തണിൽ പങ്കെടുപ്പിക്കാനുള്ള തീരുമാനം കൈക്കൊണ്ടു.

# മുറിവുകളെ ധ്യാനിക്കുമ്പോൾ

**പത്മ**

കുട്ടിക്കാലത്തു തന്നെ കൂടെ വന്ന പലവിധ രോഗങ്ങൾ എന്നെ മിക്കപ്പോഴും വീട്ടിലിരിക്കുന്ന ഒരു കുട്ടിയാക്കിയിരുന്നു. രോഗത്തെ കുറിച്ചുള്ള ആദ്യത്തെ ഓർമ്മ, മേലാകെയുള്ള മുറിവുകളും എന്നെയൊന്നാകെ പൊതിഞ്ഞ വെള്ളത്തുണിയും തോടു മുറിച്ചുകടന്ന് ആശുപത്രിയിലേക്ക് എന്നെ കൊണ്ടുപോകുന്ന ചെറിയമ്മയും ആണ്. സ്കൂളിൽ പോകാനാവാതെ വീട്ടിലകപ്പെടുന്ന കാലങ്ങളിൽ പകലും രാത്രിയും തമ്മിലുള്ള ക്രമം നഷ്ടപ്പെടുകയും കാലം എന്ന സങ്കൽപത്തിനു പുറത്തേക്ക് ഞാൻ ഉണരുകയും ചെയ്തിരുന്നു. ഒരുപാടു കാലത്തിനിപ്പുറം എന്റെ ദേഹത്തുണ്ടായ ചൊറിഞ്ഞു തിണർത്ത മുറിവുകൾ വീണ്ടും എന്നെ വീടിനുള്ളിൽ പൂട്ടിയിട്ടു. കാലുകൾ നിലത്തു കുത്താനാവാത്ത വേദന. ആ ദിവസങ്ങളിലെല്ലാം ഞാൻ എന്റെ ചാരുകസേരയിൽ മലർന്നിരുന്ന് പുസ്തകങ്ങൾ വായിക്കാൻ ശ്രമിച്ചിരുന്നു. മിക്കപ്പോഴും അത് അസഹ്യമായ വേദനയിൽ മുറിഞ്ഞുപോയി. പകലുകളിൽ കോവണിക്കു മീതെയുള്ള ജനാലയിലൂടെ വെളിച്ചം ഉള്ളിലെത്തുന്നുണ്ടായിരുന്നു. അനേക ദിവസങ്ങളിൽ ഞാൻ ആ നേരങ്ങൾക്കായി കാത്തു. എന്റെ ചെറിയ ക്യാമറ കയ്യിലെടുത്തു. എന്റെ കൂട്ടുകാരി കോണിപ്പടികളിലോരോന്നിലും ഓരോ വസ്തുക്കൾ- ഇലകൾ, ചെടിത്തണ്ട്, കുപ്പി, പുസ്തകം, പാവക്കുഞ്ഞ്, ചായക്കപ്പ്, കണ്ണട, മഷിപ്പാത്രം - കൊണ്ടുവന്നു വെയ്ക്കും. കസേരയിലിരുന്നു തന്നെ ഞാനവയുടെ ചിത്രം ശേഖരിക്കും. അത് വെളിച്ചത്തെയും നിഴലിനെയും കുറിച്ച് കൂടുതൽ അഗാധമായ ധാരണകൾ എന്നിലുണ്ടാക്കിയിരുന്നു. മുറിവുകൾ, അവൾ കഴുകിത്തരുമ്പോൾ ഞാൻ അർദ്ധബോധത്തിലേക്ക് വീണുപോയി. പിന്നെ ഞാൻ തന്നെ ആ പരിചരണം ഏറ്റെടുത്തു. മുറിവായയിൽ വീഴുന്ന ഇളംചൂടുള്ള വെള്ളം എന്നെ ഈ ഭൂമിയിൽ നിന്നും വേർപെടുത്തി. ഒരുതരം അതീതാനുഭവം. ശരീരത്തിലായിട്ടും ഞാൻ ശരീരത്തിനു പുറത്തുപോയി. മുറിവു മാത്രമായിരുന്നു. മനസ്സ് പോലും അദൃശ്യം. മുറിവുകളുടെ ധ്യാനം എന്നു പിന്നീടു ഞാനതിനെ ഓർമ്മിക്കുകയാണ്. അക്കാലമെല്ലാം എന്റെ ബോധാബോധങ്ങളിലെല്ലാം ഞാൻ ഉണർന്നിരിക്കുകയായിരുന്നു. ഉറക്കത്തിനിടയിലും കാലൊന്നു ചെരിയാതെ, അനങ്ങാതെ കിടന്നു. പുതപ്പിന്റെ അറ്റം പോലും ദേഹത്തു തട്ടാതെ , നൂലിഴ പോലും മുറിവിലിഴയാതെ ഒരുറക്കം. മുറിയുടെ ജനാലയിലൂടെ അകത്തേക്കു വന്ന പക്ഷിയുടെ സ്വരങ്ങൾ, ചീവീടുകളുടെ കരച്ചിലുകൾ എല്ലാം എന്നെ ഏറെ ആനന്ദിപ്പിച്ചിരുന്നു. രോഗാവസ്ഥയിൽ അല്പം ഭേദമുണ്ടായപ്പോൾ ഞാൻ പതിയെ മുറ്റത്തൂടെ നടന്നുതുടങ്ങി. ഒരു കൊക്കൂണിൽ നിന്നും പുറത്തിറങ്ങുന്ന ശലഭത്തെ ഞാനപ്പോൾ ഓർമ്മിച്ചിരിക്കുമോ? ഞാൻ, രോഗത്തിന്റെ തീക്ഷ്ണമായ ശയ്യകളിൽ ജീവിക്കുന്ന മനുഷ്യരെപ്പറ്റി ഏറെ വിചാരിച്ചു. ഇവരനുഭവിക്കുന്ന ഏകാകിത, പുറംലോകത്തേക്ക് അടഞ്ഞുകിടന്ന ജനാലകൾ, കൂടെയില്ലാത്ത ഒരുവളുടെ പരിചരണം ഒക്കെ. അവരെങ്ങനെയാണ് പകലുകളും രാത്രികളും പിന്നിടുന്നത്? അവരെങ്ങനെയാണ് ഋതുഭേദങ്ങളിലൂടെ കടന്നുപോവുന്നത്? അവർക്കെന്താണ് ജീവിതം എന്നത്? ഇപ്പോഴെനിക്കു തോന്നുന്നു, ആ ഏകാകിതയിലും ഒരു കൂട്ട് അവരിലുണ്ടെന്ന്. സ്വന്തം മുറിവിന്റെ പരിചിതത്വം നൽകുന്ന ധ്യാനാവസ്ഥ, നിർമമത, കേൾക്കുന്ന പാട്ടിന്റെ കഷ്ണം, ഒരു ചിത്രത്തിന്റെ കാഴ്ച, വല്ലപ്പോഴും മുറിയിലേക്കു വരുന്ന ഒരാളുടെ കൈത്തലം, മഴയത്ത് തുറന്നടയുന്ന ജനാല, അതൊക്കെയാവാം അവരീ ഭൂമിയിൽ തുടരുന്നതിന്റെ കാരണങ്ങൾ.

---

## മൊഴിയാഴങ്ങൾ


മനസ്സിലെ കളകളോട് നാം നന്ദിയുള്ളവരായിരിക്കുക.കാരണം ആത്യന്തികമായി നമ്മുടെ പരിശീലനത്തെ പുഷ്ടിപ്പെടുത്തുകയാണ്.

നിങ്ങളുടെ ശാന്തവും സാധാരണവുമായ ചര്യയിൽ തുടരുക മാത്രം ചെയ്യുക, നിങ്ങളുടെ സ്വഭാവം രൂപപ്പെട്ടുകൊള്ളും.

ബോധപൂർവ്വം നിങ്ങളെത്തന്നെ ക്രമീകരിക്കുവാൻ ശ്രമിക്കുന്നതിന് പകരം ആയിരിക്കുംപോലെ നിങ്ങളെത്തന്നെ വെളിപ്പെടുത്തുകയെന്നതാണ് ഏറ്റവും പ്രധാനം

**ഷുൻറ്യു സുസുക്കി**





*എന്റെ ശവകുടീരത്തിൽ നിന്ന് കരയരുത്*
*ഞാനവിടെയില്ല;ഞാനുറങ്ങുന്നില്ല.*
*വീശിയടിക്കുന്ന സഹസ്രം ഇളംകാറ്റുകളിൽ*
*ഞാനുണ്ട്.*
*നീഹാരത്തിൽ തിളങ്ങുന്ന വജ്രമാണ് ഞാൻ*
*പൊൻകതിരിൽ പതിക്കുന്ന സൂര്യനും ഞാൻ*
*മന്ദം വരുന്ന ശരത്കാല വൃഷ്ടിയും ഞാൻ*
*പ്രഭാതത്തിന്റെ പ്രശാന്തതയിൽ നീയുണരുമ്പോൾ*
*ചുറ്റിപ്പറക്കുന്ന നിശബ്ദരായ പറവകളുടെ*
*ദ്രുതമായ കുതിപ്പാണ് ഞാൻ*
*നിശയിൽ ഞാൻ മൃദുവായ നക്ഷത്രദീപ്തിയാണ്.*
*എന്റെ ശവകുടീരത്തിൽ നിന്ന് കരയരുത്*
*ഞാനവിടെയില്ല;ഞാൻ മരിച്ചിട്ടില്ല.*

*-മേരി എലിസബത്ത് ഫ്രേ*

# ബാബുസക്കറിയ

**ഇക്കഴിഞ്ഞ മെയ് 13ന് അന്തരിച്ച ബാബു സക്കറിയ ലിറ്റിൽ മാസികയുൾപ്പടെയുള്ള സമാന്തര/ ബദൽ പ്രസ്ഥാനങ്ങളുടെ സഹയാത്രികനും ആത്മമിത്രവുമായിരുന്നു**

അപൂർവ്വമായെ ലിറ്റിൽ മാസികയിൽ ചരമക്കുറിപ്പ് വരാറുള്ളൂ.മഹത്തായ ജീവിതം നയിച്ച സാധാരണക്കാരനായതുകൊണ്ടാണ് എടവണ്ണയിലെ മൂൺസ് ചന്ദ്രനെപ്പോലെ ചാത്തല്ലൂരിലെ സുൾഫിയെപ്പോലെ ബാബു സക്കറിയയെയും ലിറ്റിൽ മാസിക അനുസ്മരിക്കുന്നത്. ബാബു സക്കറിയയെപ്പോലൊരാളെ പത്രങ്ങളിലെ സാധാരണ ചരമകോളത്തിൽ മിനിമം ബയോഡാറ്റകളോടെ വായിച്ച അദ്ധേഹത്തെ അടുത്തറിയുന്നവർക്ക് അത്ഭുതവും വിഷമവും തോന്നിയേക്കാം.പത്രങ്ങൾക്ക് പോത്തുകൽ ഞെട്ടിക്കുളത്തെ ചെമ്പനാലിൽ വീട്ടിൽ ബാബു സക്കറിയ മാത്രം.അധികവിവരമായി ഭാര്യയുടെയും രണ്ടു മക്കളുടെയും വിവരം കൂടി കൊടുത്തിട്ടുണ്ട്! ആഘോഷിക്കപ്പെടാൻ പുതുലോകത്തിന്റെ അളവുകോലിൽ വലിയ കാര്യങ്ങൾ അദ്ധേഹം ചെയ്തിട്ടില്ലായിരിക്കാം. സ്നേഹത്തിന്റെ ആൾരൂപമായ മദർ തെരേസാ പറഞ്ഞുവെച്ചതുപോലെ മഹത്തായ പ്രവർത്തിയെന്നു പറയുന്നത് മഹത്തായ സ്നേഹത്തോടെ ചെയ്യുന്ന ചെറിയ കാര്യങ്ങളാണ്.ചെറിയ കാര്യങ്ങൾ മഹത്തായ സ്നേഹത്തോടെ,അർപ്പണത്തോടെ ചെയ്തു എന്നതാണ് ബാബു സക്കറിയ എന്ന സാധാരണക്കാരനെ മഹത്വവൽക്കരിക്കുന്നത്.

നിലമ്പൂരിലാണ് തന്റെ പ്രവർത്തന മേഖല എന്നതുകൊണ്ട് അദ്ധേഹത്തിന്റെ മഹത്വം കുറയുന്നില്ല മേധാ പട്ക്കറുടെയും സുന്ദർലാൽ ബഹുഗുണയുടെയും അതേ ആത്മാർത്ഥതയോടും അർപ്പണത്തോടുമാണ് ബാബു സക്കറിയ പരിസ്ഥിതി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്.പി.എൻ. പണിക്കരുടെയും അരുണാ റോയിയുടെയും അതേ തീവ്രതയോടെയാണ് അദ്ധേഹം സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെട്ടത്.ആരോഗ്യപ്രവർത്തനം,ഗ്രാമീണവികസനം, പ്രകൃതിജീവനം,വനസംരക്ഷണം,ജനകീയാസൂത്രണം ,വിദ്യാഭ്യാസം എന്നിങ്ങനെ ഇടപെട്ട മേഖലകളിലൊക്കെ സ്വയം മറന്ന് വ്യാപരിച്ചു.യാത്ര, സംഗീതം,കവിത,സിനിമ,സൗഹൃദം,തുടങ്ങി ജീവിതത്തെ സർഗ്ഗാത്മകമാക്കുന്ന എല്ലാ വഴികളിലും സഞ്ചരിച്ചു.നിഷ്കളങ്കമായി പേരും പദവിയും ആഗ്രഹിക്കാതെ അഹോരാത്രം പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകൻ.പറയുന്ന ഓരോ വാക്കും സ്വജീവിതത്തിൽ പകർത്താനുള്ളതല്ലന്ന നടപ്പുശീലങ്ങളെയാണ് ജീവിതം കൊണ്ട് അദ്ധേഹം തിരുത്തിയത്.ജൈവകൃഷിയെന്ന് ആളുകൾ പറഞ്ഞ് കേൾക്കുന്നതിന് മുമ്പ് തന്നെ ജൈവരീതിയിൽ നെൽകൃഷി ചെയ്ത് നാട്ടുകാരെ അമ്പരപ്പിച്ചു.

രോഗപീഢയുടെ അവസാന നാളുകളിൽ മരണത്തിന് തൊട്ടു മുമ്പും പാലിയേറ്റിവ് പ്രവർത്തകരുടെ കൂടെ കിടപ്പിലായ രോഗികളുടെ വീട്ടിൽ കടന്നു ചെന്നു, പാടത്ത് ഒരു വട്ടം കൂടി നെല്ലിറക്കി. ചെയ്തു തീർക്കാൻ ഇനിയും കുറെ ബാക്കിയുണ്ടെന്നു ബോധ്യമുണ്ടായിരുന്നതിനാൽ അവസാന നിമിഷം വരെ മരണത്തോട് പോരാടി.ഒടുവിൽ മരണം ഒരു യാഥാർത്ഥ്യമായി മുന്നിൽ എത്തിയെന്നറിഞ്ഞപ്പോൾ ഒരു യോഗിയുടെ മനസ്സോടെ അതിനെ വരവേൽക്കാനും തയ്യാറായി.

ബാബു സക്കറിയ ഏതുവേദിയേയും പാട്ടുപാടിയുണർത്തുമായിരുന്നു.ചടുലമായ താളത്തിൽ ആലപിച്ച മനോഹമായ ഒരു ഗാനം പോലെയായിരുന്നു ആ ജീവിതം.താളവും ശ്രുതിയും തെറ്റാതെ ബാബു സക്കറിയ തന്റെ ജീവിതഗാനം പാടിത്തീർത്തു.പാടിത്തീർന്നിട്ടും പക്ഷെ ആ ഗാനം നിലച്ചിട്ടില്ല.

പലയിടത്തുമുണ്ടാകും ഇതു പോലെ ഓരോ ബാബു സക്കറിയമാർ.ഓരോ പ്രദേശത്തെയും വഴിവിളക്കുപോലെ ചിലർ.ആ പ്രദേശത്തുമാത്രം അറിയപ്പെടുന്നവർ.പുറം ലോകം കേട്ടിട്ടുപോലുമില്ലാത്തവർ.സാധാരണക്കാരായി ജീവിച്ച എന്നാൽ മഹത്തായ ജീവിതം നയിച്ച ഇത്തരം ബാബു സക്കറിയമാരെക്കൊണ്ടു കൂടിയാണ് ഈ ലോകം ഇത്രയെങ്കിലും സുന്ദരമായിരിക്കുന്നത്.(അവസാനിക്കുന്നില്ല)

*-ലിറ്റിൽ മാസിക ഡെസ്ക്*

# മോഹനൻ ഇപ്പോഴും എഴുതുകയാണ്...

*കൈകൊണ്ട് ചെയ്യുന്ന ഓരോ കാര്യത്തിലും
നിങ്ങളുടെ ആത്മാവും കുടികൊള്ളുന്നു*

*-പഴമൊഴി.*

**ബിജു ജോൺ**

കമ്പ്യൂട്ടർ ടൈപ്പിംഗ് തുറന്നിട്ടത് സാധ്യതകളുടെ ഒരു വലിയ ലോകം തന്നെയായിരുന്നു. കയ്യെഴുത്തിന്റെ കാലം തന്നെ പലരും മറന്നു. കട്ട് ആന്റ് പേസ്റ്റ് പോലുള്ള സൗകര്യങ്ങൾ കാലത്തിന്റെ ആവശ്യം തന്നെയായിരുന്നുതാനും. എങ്കിലും കയ്യെഴുത്തിന്റെ ജൈവികതയെ കുറിച്ച്, അതിന്റെ ഒരിക്കലും മായാത്ത പ്രസക്തിയെ കുറിച്ച് ഓർമ്മിപ്പിക്കുന്നത് ആധാരമെഴുത്താഫീസുകളിലും ചില വക്കീലോഫീസുകളിലെയും ഇന്നും മാഞ്ഞുപോയിട്ടില്ലാത്ത മഷി മണം മായാത്ത കൈയെഴുത്തു ശീലങ്ങളാണ്.

കമ്പ്യൂട്ടറും ഡി.റ്റി.പി യും ഒക്കെ വന്നിട്ടും അന്യായവും ഹരജികളും മറുപടി വാദങ്ങളും കൈകൊണ്ട് എഴുതുന്ന ശീലം തുടരുകയാണ് വക്കീൽ ഗുമസ്തൻ മോഹനൻ. വളരെ തിരക്കുപിടിച്ച വക്കീൽ ഓഫീസിലെ നൂറുകണക്കിന് പേജുകൾ വരുന്ന ഹരജികൾ, വിവിധ രേഖകൾ നാൽപത് സംവത്സരങ്ങളായി സ്വന്തം കൈകൊണ്ട് എഴുതിക്കൊണ്ടേയിരിക്കുന്നത് ടെക്നോളജിയോടുള്ള വിരോധം കൊണ്ടോ എന്തെങ്കിലും ആദർശത്തിന്റെ പേരിലോ അല്ല. തനിക്ക് കൈകൊണ്ട് എഴുതുന്നതാണ് കൂടുതൽ സൗകര്യം എന്നാണ് മോഹനന്റെ ന്യായം. ഒരേ സ്വഭാവത്തിലുള്ള ഹരജികളും അന്യായവും തയ്യാറാക്കാൻ കമ്പ്യൂട്ടറിൽ ചെയ്തുവെച്ച മാതൃകകളിൽ ചില്ലറ മാറ്റം വരുത്തി പെട്ടെന്ന് തയ്യാറാക്കുന്ന പതിവിലേക്ക് ഏറെക്കുറെ എല്ലാ വക്കീലോഫീസുകളും മാറിയിട്ടും കേശവൻ നായർ എന്ന അഭിഭാഷകൻ മാത്രം കൈകൊണ്ട് എഴുതുന്ന അന്യായങ്ങളും ഹരജികളും ഇഷ്ടപ്പെടുന്നു.

മോഹനൻ എന്ന കെ. മോഹൻദാസ് അഭിഭാഷക ഗുമസ്തനായി പ്രവർത്തിക്കുന്നത് മഞ്ചേരിയിലെ പ്രമുഖ അഭിഭാഷകനും സാംസ്കാരിക പ്രവർത്തകനും കവിയുമൊക്കെയായ എം. കേശവൻ നായരുടെ ഓഫീസിലാണ്. 1975 മുതൽ അന്തരിച്ച അഭിഭാഷക കുലപതി എ.പി. നമ്പൂതിരിയുടെ കൂടെയാണ് ജോലി ആരംഭിച്ചത്. 1979 മുതൽ എം. കേശവൻ നായരുടെ കൂടെ. അസാധാരണനായ ഒരു വ്യക്തി എന്ന നിലയിലോ വേറിട്ട ജീവിതത്തിനുടമ എന്ന നിലയിലോ അല്ല മോഹനൻ പ്രസക്തനാവുന്നത്; ഒരു സാധാരണ ചര്യയായി തിരക്കേറിയ അഭിഭാഷക ഓഫീസിലെ മുഴുവൻ വ്യവഹാര രേഖകളും സ്വന്തം കൈകൊണ്ട് എഴുതിത്തീർക്കുന്ന കേരളത്തിലെ അന്യം നിന്നുവരുന്ന അഭിഭാഷക ഗുമസ്തൻമാരുടെ പ്രതിനിധി എന്ന നിലയിലാണ്.


തനിക്കും തന്റെ വക്കീലിനും കൈകൊണ്ട് എഴുതുന്നതു തന്നെയാണ് സൗകര്യവും പഥ്യവുമെന്ന് മോഹനൻ പറയുന്നതിന്റെ ന്യായങ്ങൾ ചെവി കൊടുക്കേണ്ടതു തന്നെയാണ്.

എഴുത്ത് സൗകര്യമാവുന്നതെങ്ങനെയെന്ന് മോഹനൻ വിശദീകരിക്കുന്നു. സിവിൽ കേസുകളിൽ അഭിഭാഷകർ തയ്യാറാക്കുന്ന അന്യായം, അതിലെ പ്ലീഡിംഗുകൾ വളരെ പ്രധാനപ്പെട്ടതാണ്. കേസിന്റെ സകലവശങ്ങളും സൂക്ഷ്മമായും സമഗ്രമായും അന്യായത്തിൽ പറഞ്ഞിരിക്കണം. അന്യായത്തിൽ മതിയായ പ്ലീഡിംഗുകൾ ഇല്ലാതെ പോയാൽ അത് വലിയ ന്യൂനതയായി മാറും. അതിനാൽ നല്ല നൈപുണ്യത്തോടെ തയ്യാറാക്കേണ്ടതാണ് പ്ലെയിന്റ് അഥവാ അന്യായം. തന്റെ വക്കീൽ കൈകൊണ്ട് ഡ്രാഫ്റ്റ് തയ്യാറാക്കി തരുന്നത് നോക്കി വൃത്തിയായി അന്യായവും അനുബന്ധ ഹരജികളും എഴുതി തയ്യാറാക്കും. കൈകൊണ്ട് എഴുതുമ്പോൾ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ വേഗം തിരിച്ചറിയും. മുമ്പ് മറ്റ് രീതിയിലാണല്ലോ എഴുതിയത് എന്ന തിരിച്ചറിവ് ഉണ്ടാകും. എഴുതുമ്പോൾ കൂടുതൽ ജാഗ്രത, മന:സ്സാന്നിധ്യം ഉണ്ടാകുന്നു.

എഴുതി തയ്യാറാക്കുന്നതോടെ കേസിന്റെ ഏതു കാര്യങ്ങളും മനസ്സിൽ മായാതെ പതിയുന്നു. Mind and hand co-ordination എന്നതാണ് പ്രധാന കാര്യം. കൈപ്പട കൊണ്ട് ഓഫീസിലെ കേസാണെന്ന് മറ്റുള്ളവർക്ക് തിരിച്ചറിയാൻ കഴിയുന്നു. കേശവൻ നായരുടെ ഓഫീസിന്റെ ഐഡന്റിറ്റികളിലൊന്നായി മോഹനന്റെ കൈപ്പട മാറിയിരിക്കുന്നു. ഒറ്റ നോട്ടത്തിൽ തന്നെ ഏത് വക്കീലിന്റെ കേസാണെന്ന് കോടതിക്കു പോലും മനസ്സിലാവും.

ഒരേ സ്വഭാവത്തിലുള്ള കാര്യങ്ങൾ, ഡോക്കറ്റ് എന്നിവ കമ്പ്യൂട്ടറിലാവുമ്പോൾ 'കട്ട് ആന്റ് പേസ്റ്റ്' ചെയ്താൽ മതി. കൈകൊണ്ടാവുമ്പോൾ വീണ്ടും എഴുതണം. പക്ഷേ ശീലം കൊണ്ടും വഴക്കം കൊണ്ടും അതിവേഗം എഴുതിത്തീർക്കാൻ പറ്റുന്നു. ഒരു അന്യായം തയ്യാറാക്കുമ്പോഴേക്കും നാൽപ്പതും അമ്പതും പേജുകൾ വരും. ആദ്യകാലങ്ങളിൽ ഫോട്ടോസ്റ്റാറ്റ് വരുന്നതിനു മുമ്പ് ആദ്യത്തെ കോപ്പി മഷിപ്പേനയിൽ. പിന്നീട് ബോൾപെന്നിൽ കാർബൺ പേപ്പറുകൾ വെച്ച് ആവശ്യത്തിന് പകർപ്പ് എടുക്കും. ഇന്ന് ഫോട്ടോസ്റ്റാറ്റ് സുലഭമായതോടെ ഒരു കോപ്പി മാത്രം എഴുതിയാൽ മതിയെന്ന സൗകര്യമുണ്ട്.

സ്വന്തമായ എഴുത്തുശീലങ്ങൾ തന്നെയുണ്ട് മോഹനന്. ഒറ്റയിരുപ്പിൽ നാലും അഞ്ചും മണിക്കൂർ എഴുതും.



മോഹൻദാസ് എഴുത്തിനിടയിൽ

മോഹനൻ ഗുമസ്തന്റെ കൈപ്പടകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് ചില ജീവിതപാഠങ്ങളാണ്..

ഇടയ്ക്ക് ചില ടീ ബ്രേക്ക് മാത്രം എടുക്കും. ഓഫീസിൽ വെച്ച് എഴുതി തീരാതെ വന്നാൽ വീട്ടിൽ കൊണ്ടുപോയി എഴുതും. എഴുത്തു സുഗമമായി നടക്കുന്ന വിധത്തിൽ എഴുത്തുമേശ ഓഫീസിലെന്നപോലെ വീട്ടിലും ക്രമീകരിച്ചിരിക്കുന്നു. എഴുത്തു ശീലമാക്കിയാൽ മാത്രമേ തുടർച്ചയായി എഴുതാൻ പറ്റൂ എന്നാണ് മോഹനന്റെ വാദം. ശീലമില്ലെങ്കിൽ കൈ കടച്ചിലും വേദനയും ഒക്കെ ഉണ്ടാവും. സ്ഥിരമായി എഴുതാതിരുന്നാൽ കൈ വഴങ്ങുകയേ ഇല്ലെന്ന് മാത്രമല്ല കൈയക്ഷരവും മോശമാവും. സ്ഥിരമായി എഴുതുന്നതിനാൽ മനസ്സും കൈകളും തമ്മിൽ അഗാധമായ ഒരു ബന്ധം രൂപപ്പെടും. അനർഗ്ഗളമായി പേനയിലൂടെ ആശയങ്ങൾ കടലാസിൽ ഒഴുകിപ്പടരും. വടിവൊത്ത സുന്ദരമായ കൈയക്ഷരത്തിൽ പിറ്റേന്ന് ഫയലാക്കാൻ തയ്യാറാക്കിയ പുതിയ അന്യായത്തിന്റെ പണിപ്പുരയിൽ ഇരുന്നാണ് മോഹനൻ സംസാരിച്ചത്. വെട്ടും തിരുത്തും ഒന്നുമില്ലാതെ ഇളംപച്ച വർണ്ണമാർന്ന കടലാസിൽ അക്ഷരങ്ങൾ കയ്യിൽ നിന്ന് ഊർന്നിറങ്ങുന്നത് തന്നെ ഒരു കാഴ്ചയാണ്.

വൈദ്യുതി മുടങ്ങി, കമ്പ്യൂട്ടർ ജാം ആയി, പ്രിന്ററിൽ മഷി തീർന്നു, ടൈപ്പിസ്റ്റ് വന്നില്ല... തുടങ്ങിയ യാതൊരു മുട്ടുന്യായങ്ങളും അനുഭവിക്കാതെ തന്റെ വാദങ്ങൾ കടലാസിൽ പകർന്ന് കിട്ടുന്നതിന്റെ ആനന്ദം കൈകൊണ്ട് എഴുതുന്ന ഗുമസ്തൻ ഉള്ള വക്കീലിന് മാത്രം കിട്ടുന്നതാണ്. കേവലം ഒരു മേൽവിലാസം പോലും തപാൽ കവറിൽ പതിപ്പിക്കാൻ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നവരുടെ കാലത്ത് ഇടയ്ക്കെങ്കിലും സാങ്കേതികതകളുടെ അമിത ഇടപെടലിനെ പടിക്കു പുറത്ത് നിർത്താൻ കൈയെഴുത്ത് പോലുള്ള ശീലങ്ങളെ കൂടെ കൊണ്ടു നടക്കേണ്ടതിനെ കുറിച്ച് തന്നെയാണ് മോഹനന്റെ ശീലങ്ങൾ ഓർമ്മിപ്പിക്കുന്നത്.

മഞ്ചേരിക്ക് നൂറ്റാണ്ടിലേറെ പഴക്കമുള്ള കോടതിചരിത്രമാണുള്ളത്. മഹാരഥൻമാരായ അഭിഭാഷകരും മഹാരഥൻമാരായ വക്കീൽ ഗുമസ്തരും അരങ്ങ് വാണ ഇടം. മോട്ടറ കുട്ടൻനായരെപ്പോലെ വാസുദേവനെ പോലെ കൈപ്പട കൊണ്ടുകൂടി തങ്ങളുടെ അഭിഭാഷക ഓഫീസിനെ അടയാളപ്പെടുത്തിയ ഗുമസ്തൻമാർ പലരും ഇനിയും കേരളത്തിന്റെ പല ഭാഗത്തിലുമുള്ളപോലെ മഞ്ചേരിയിലുമുണ്ട്.

സാങ്കേതികയുടെ സ്ഥാനത്തും അസ്ഥാനത്തുമുള്ള പ്രയോഗം ചിലപ്പോഴെങ്കിലും വീണ്ടുവിചാരത്തിന് വിധേയമാക്കേണ്ടതാണെന്നാണ് മോഹനൻ ഗുമസ്തന്റെ കൈപ്പടകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്.


*മോഹൻദാസിന്റെ ഫോൺ: 9048806024*


ലിറ്റിൽമാസിക പ്രസിദ്ധീകരിച്ച പുസ്തകം

**കെ. അരവിന്ദാക്ഷൻ രചിച്ച**

**കാലുകൾ കൊണ്ട് ധ്യാനിക്കുക**

**തപാലിൽ കിട്ടാൻ 90 രൂപ അയക്കുക** ചുങ്കത്തറ പി.ഒ., മലപ്പുറം 679334



# നിശ്ചയം, ആമകൾക്ക് പറക്കാൻ കഴിയും

**മമ്മദ് മൊണ്ടാഷ്**

കുന്നുകൾക്കിടയിലൂടെ അർദ്ധരാത്രിയിലെ ഇരുട്ടിൽ അവൾ ആ രണ്ടുവയസ്സുകാരനെയുമെടുത്ത് അതിദ്രുതം നടക്കുകയാണ്. അലസത കുടികെട്ടിയ, സദാ കാറ്റിലുലയുന്ന മുടിയിഴകളും സന്യാസ സമാന വിരാഗത്തെ അനുസ്മരിപ്പിക്കുന്ന കടുംകാപ്പിവർണ്ണത്തിലെ മേൽക്കുപ്പായവും ഇരുളിൽ അവൾക്ക് ഒരു പ്രേതസമാനരൂപം പകരുന്നുണ്ട്. പിന്നാലെ തന്റെ സഹോദരൻ വരുന്നുണ്ടോയെന്ന് ഇടയ്ക്കിടെ അവൾ തലവെട്ടിച്ച് നോക്കുന്നുണ്ട്. ഇരുളിലും അവ്യക്തമായി കാണുന്ന ഒരു ഉയർന്ന പാറയും അതിനടുത്ത് വലിയ ഉരുളൻ കല്ലുകളുമുള്ളിടത്ത് അവൾ എത്തുന്നു. കുഞ്ഞിനെ താഴെ വച്ച് സ്ഥലം നിരീക്ഷിച്ച് നേരത്തെ കൊണ്ടുവന്നിട്ടുള്ള കയറുപയോഗിച്ച് കുഞ്ഞിന്റെ ഇടതു കണങ്കാലിൽ പാദത്തിനു മീതെയായി അവൾ കുരുക്കിയിടുന്നു. തുടർന്ന്, കയർ അടുത്തുള്ള ഉണങ്ങിയ മരക്കൊമ്പിൽ കെട്ടുന്നു. ഇതിനിടയ്ക്കെല്ലാം കുഞ്ഞ് അവന്റേതു മാത്രമായ കുരുന്നുഭാഷയിൽ അവളോട് കുറുകുന്നുണ്ട്. കെട്ടിക്കഴിഞ്ഞ് അവൾ കുഞ്ഞിന് മുന്നിൽ മുട്ടുകുത്തിയിരിക്കുന്നു, അവന്റെ കുഞ്ഞിളം തുടകളിൽ കൈവെച്ച് അവനെത്തന്നെ ചൂഴ്ന്ന് നോക്കിക്കൊണ്ട്. അവനാകട്ടെ അവളുടെ കവിളുകളിൽ തന്റെ കൈകൾകൊണ്ട് കവിതരചിക്കുന്നുണ്ട്. ഒരു കളികണക്കെ അവളുടെ മുടിയിഴകൾ തപ്പിയെടുത്ത് ആ സാന്നിദ്ധ്യത്തെ ഓമനിക്കുന്നുണ്ട്. ഇടയ്ക്കിടെ മമ്മീയെന്ന് ആവർത്തിക്കുന്നുണ്ട്. ധൈര്യംകൈവന്ന ഒരു അന്ധനിമിഷത്തിൽ അവൾ എണീറ്റ് പിൻതിരിഞ്ഞ് നടക്കുന്നുണ്ട്. ഇരുൾവഴിയിലൂടെ തന്റെ ജീവിതത്തിലെ ആ കൊടിയ ശാപത്തെ അന്തിമമായുപേക്ഷിച്ചതിന്റെ ആവേശത്തിൽ, തേങ്ങിയും കിതച്ചും ഇടക്കിടെ പിന്തിരിഞ്ഞ് നോക്കിയും അവൾ മുന്നോട്ടു തന്നെ പോവുന്നുണ്ട്. ദൂരെ ഇരുളിൽ മറയുംവരെ നോവുനിറഞ്ഞ ഒരു കണ്ണായി കേമറ അവളെ പിന്തുടരുന്നു. ഇടയ്ക്ക് കാണിയുടെ നെഞ്ചിലെ തീ ആളിക്കത്തിക്കാനെന്നോണം കുഞ്ഞിന്റെ അമ്മേ വിളിക്കൊപ്പം അവന്റെ കൊഞ്ചിക്കുറുകലുകളും ചേർത്തുവെക്കുന്നുണ്ട് ഈ ദൃശ്യം.

സംഭവം നടക്കുന്നത് ഇറാഖ് - തുർക്കി അതിർത്തിയിലെ അഭയാർത്ഥി കൂടാരങ്ങൾ തിങ്ങിനിറഞ്ഞ കാനിബോ ഗ്രാമത്തിലാണ്. സ്വന്തമായി രാജ്യമില്ലെങ്കിലും, ദേശീയത ജ്വരമായി ഊന്നുന്ന കുർദിസ്ഥാൻ പ്രദേശത്താണിത്. കാലം 2003 ലെ അമേരിക്കയുടെ ഇറാഖ് രണ്ടാംഅധിനിവേശത്തിന്റെ ഏതാനും ആഴ്ചകൾക്കുമുമ്പ്. യുദ്ധമെന്ന മഹാവ്യാധി തീണ്ടിയ ഒരു പ്രദേശത്തിന്റെ ഏറ്റവും ദാരുണമായ മാതൃകയാണിവിടം. ഉപേക്ഷിക്കപ്പെട്ട ടാങ്കുകളും, മിസ്സൈൽ വിക്ഷേപിണികളും ലാന്റ്മൈൻ പൈപ്പുകളുടെ കൂമ്പാരങ്ങളും കൊണ്ട് ശവക്കൂനയായ ഒരിടം. അതിനിടയിൽ നാം കാണുന്നത് കക്കത്തോടുപോലെ ബാല്യമേയടർന്നു പോയ, ഒരു നടപ്പുദീനംപോലെ അംഗഭംഗം വന്ന ഏതാനും കുട്ടിസംഘങ്ങളെയാണ്. സ്വതവേയുള്ള ഇല്ലായ്മകൾക്കു മുകളിൽ യുദ്ധം കോരിയിട്ട വറുതിയോടു പൊരുതുമ്പോഴും ഗ്രാമത്തിന്റെയും ദേശത്തിന്റെയും മഹിമയും വിഭാഗീയതയും ഉള്ളിൽ സൂക്ഷിക്കുന്നവർ. കാഴ്ചയിൽ കുട്ടികളെങ്കിലും കുട്ടിത്തം വറ്റിയ മുഖങ്ങളുള്ളവർ. മുഴുവൻ സമയ നടീനടൻമാരല്ലാത്തതിനാലും യുദ്ധഭീകരതകൾ യഥാർത്തിൽഏറ്റുവാങ്ങിയതിനാലും കേമറക്കു മുന്നിൽ തീരെ ചമയങ്ങൾ ആവശ്യമില്ലാത്തവർ. അവരാണീ കുട്ടികൾ. ആ കൂട്ടത്തിൽ പെട്ട രണ്ടുപേരെയാണ് നാം നേരത്തെ പറഞ്ഞ ദൃശ്യത്തിൽ കണ്ടുമുട്ടുന്നത്. പതിമൂന്നു വയസ്സു തോന്നിക്കുന്ന അഗ്രിൻ എന്ന നായികയും അവളുടെ രണ്ടു കൈകളുമറ്റ സഹോദരൻ ഹെംഗോവും കുർദ് വംശജരാണ്. ഇറാഖ് നേരത്തെ രാസായുധം പരീക്ഷിച്ച ഹാലബ്ജെയിലെ ഇരകൾ. മാതാപിതാക്കൾ ഇറാഖിന്റെ രാസവർഷത്തിൽ നഷ്ടമായി എന്ന് നായികയുടെ ഫ്ളാഷ് ബാക്കുകൾ നമ്മെയുണർത്തുന്നു. ഒരു കങ്കാരുക്കുഞ്ഞിനെപ്പോലെ അവളുടെ പിൻകഴുത്തിലും ഹെംഗോവിന്റെ ചുമലിലും സദാ തൂങ്ങിക്കിടക്കുന്ന രണ്ടു വയസ്സുകാരൻ മറ്റുള്ളവർ വിശ്വസിക്കും പോലെ അവളുടെ ഇളയ സഹോദരനല്ലെന്നും, മറിച്ച് മുൻപറഞ്ഞ ഇറാഖി ആക്രമണത്തിലെ കൂട്ടബലാൽസംഗത്തിന്റെ

ബാഹ്മാൻ ഗോബാദി സംവിധാനം ചെയ്ത Turtles can Fly (ആമകൾക്ക് പറക്കാനാവും) എന്ന 2005 ലെ ഇറാൻ കുർദിസ്ഥാൻ സിനിമ യുദ്ധമെന്ന മനുഷ്യനിർമിത ദുരന്തത്തിന്റെ ഇരകളായിത്തീർന്ന ദാരുണ ജീവിതങ്ങൾ യുദ്ധഭൂമിയിലെ തനതു കാലുഷ്യങ്ങളോടെയാണ് അവതരിപ്പിക്കുന്നത്.



ബാക്കിപത്രമായി അവൾക്കു പിറന്നതാണെന്നും സിനിമ കാണികളെ ബോധ്യപ്പെടുത്തുന്നുണ്ട്. രണ്ടുവയസ്സുകാരൻ റീഗയാവട്ടെ അന്ധനായതിനാൽ അഗ്രിന് ഒരു സ്ഥിരം ഭാരവുമാണ്. മാത്രവുമല്ല, അവളുടെ ദുരന്ത ബാല്യത്തിന്റെ ശാപപ്രതിനിധാനമെന്ന നിലയിലാണ് പലപ്പോഴും അവൾ അവനെ കാണുന്നത്. കരിച്ചുകളഞ്ഞാലും മുറിച്ചുമാറ്റിയാലും വിടാതെ തന്നിലേക്ക് തന്നെ പടർന്നുകേറുന്ന ഒരു അർബുദകോശമാണ് ഈ കുരുന്ന് അവൾക്ക്. അവനെ കാനിബോയിൽ എവിടെയെങ്കിലും ഉപേക്ഷിച്ച് മറ്റൊരിടത്തേക്ക് നീങ്ങാൻ അവൾ തന്റെ സഹോദരനോട് യാചിക്കുന്നുണ്ട്. ചുമലിനു താഴെ കൈകളറ്റുപോയ, നീന്തുമ്പോൾ ആമകളെ അനുസ്മരിപ്പിക്കുന്ന, പലപ്പോഴും ഭാവി പ്രവചിക്കുന്ന ഈ പയ്യൻ, പക്ഷേ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ആൾരൂപമാകുന്നുണ്ട് സിനിമയിൽ. ബാഹ്മാൻ ഗോബാദി സംവിധാനം ചെയ്ത Turtles can Fly (ആമകൾക്ക് പറക്കാനാവും) എന്ന 2005 ലെ ഇറാൻ കുർദിസ്ഥാൻ സിനിമ യുദ്ധമെന്ന മനുഷ്യനിർമിത ദുരന്തത്തിലെ ഇരകളായിത്തീർന്ന ദുരന്തജീവിതങ്ങൾ യുദ്ധഭൂമിയിലെ തനതു കാലുഷ്യങ്ങളോടെ അവതരിപ്പിക്കുന്നുണ്ട്. സംസ്കാരത്തിന്റെയാകെ യുക്തിഭദ്രതയെ തകർക്കുന്ന യുദ്ധമെന്ന അസംബന്ധത്തെ പ്രതീകവത്കരിക്കാൻ ആഖ്യാനത്തിന്റെ യുക്തിയെത്തന്നെ വെല്ലുവിളിക്കുന്നദ്ദേഹം.

നേരത്തെ നാം കണ്ട ദൃശ്യത്തിന്റെ തുടർച്ച പിന്നീട് നാം കാണുന്നുണ്ട്, അടുത്ത ദിവസം പകലിൽ. അന്ധനായ രണ്ടുവയസ്സുകാരൻ റീഗ കാലിൽ അവന്റെ അമ്മ അഗ്രിൻ കെട്ടിയ കയറുമായി വെയിലിൽ കരഞ്ഞും പിച്ചും പേയും പറഞ്ഞും നിൽക്കുന്നു. വിവരമറിഞ്ഞെത്തുന്ന സാറ്റലൈറ്റ് എന്ന പേരിലറിയപ്പെടുന്ന സോറനും സംഘത്തോടുമൊപ്പം എത്ര അപകടം നിറഞ്ഞ സ്ഥലത്താണ് കുഞ്ഞുറീഗ നിൽക്കുന്നതെന്ന് നമ്മളും തിരിച്ചറിയുന്നു. ആ സ്ഥലത്തിന് ചുറ്റും എതാനും ബോർഡുകളുണ്ട്, അവിടെയുള്ള ലാന്റ് മൈനുകളെ സൂചിപ്പിച്ചും കൊണ്ട്, അവിടേക്ക് പ്രവേശനം നിരോധിച്ചുംകൊണ്ട്. കുട്ടികൾ വരുന്നതും, റീഗയോട് അനങ്ങാതെ നിൽക്കാനാവശ്യപ്പെടുന്നതും, റീഗ നിൽക്കുന്നതിന് തൊട്ടടുത്തുള്ള ലാന്റ് മൈൻ ഫ്യൂസ് അവർ തിരിച്ചറിയുന്നതും, കണ്ണുകാണാത്ത റീഗ നിന്നു ചിണുങ്ങുന്നതും, സാറ്റലൈറ്റി ന്റെ സാഹസികമായ ഇടപെടലിലൂടെ അവനെ രക്ഷിക്കാൻ ശ്രമിക്കുന്നതും, റീഗയെ അനങ്ങാതെ ഒരിടത്ത് ഉറപ്പിച്ചു നിർത്തുന്നതിനായി അവന്റെ സൈക്കിളിന്റെ ഹോണടിക്കുന്നതും, കുഞ്ഞു റീഗ താൻ നിൽക്കുന്ന സ്ഥലത്തിന്റെ അപകടനിലയറിയാതെ പി പി പീ എന്ന് നിഷ്കളങ്കമായി ആ ശബ്ദം ആവർത്തിക്കുന്നതും, അവസാനം മൈൻ പൊട്ടുന്നതും എല്ലാം കാണികളെ വൈകാരിക ഭാവങ്ങളുടെ നിമ്നോന്നതികളിൽ പ്രതിഷ്ഠിക്കും. അപ്പോഴും, തൻ കുരുന്നിനെ ഉള്ളറിഞ്ഞ് സ്നേഹിക്കുമ്പോഴും ഉപേക്ഷിക്കേണ്ടിവരുന്ന ഒരു കൗമാര മാതൃമനസ്സ്, മരണം മുറവിളികൂട്ടുന്ന ആയുധങ്ങൾക്കിടയിൽ നിന്ന് നിഷ്കളങ്കത കൊണ്ട് കാണിയെ വിസ്മയിപ്പിക്കുന്ന ഒരു കുഞ്ഞ്- ഇതിനെല്ലാം ഉത്തരവാദിയായ മനുഷ്യനിർമ്മിതിയായ യുദ്ധം- എല്ലാം മനുഷ്യാവസ്ഥയുടെ ദുരന്ത തീരങ്ങളിൽ കാണിയെ നിർത്തും. യുദ്ധത്തെക്കുറിച്ചുള്ള ഈ സിനിമയെ ഇത്തരം ദൃശ്യങ്ങൾ തുല്യതയില്ലാത്തവിധം മഹത്തരമാക്കുന്നുണ്ട്. ഈ ദൃശ്യമാകട്ടെ, മനുഷ്യത്വത്തെ, മാനവീയതയുടെ സാംസ്കാരിക പൊങ്ങച്ചങ്ങളെ, നമ്മുടെ സ്വാസ്ഥ്യങ്ങളെത്തന്നെയും, ചോദ്യം ചെയ്യുന്നുമുണ്ട്.



# കണ്ടത്, കേട്ടത്, വായിച്ചത്...

**ആദിൽ മഠത്തിൽ**

ഗുരുവായൂരപ്പൻ കോളേജ് വിദ്യാർത്ഥികളുടെ മാഗസിൻ 'വിശ്വവിഖ്യാത തെറി' ഓർമ്മപ്പെടുത്തുന്നു. നിങ്ങൾക്ക് എല്ലാ പൂക്കളെയും പൂക്കളെയും ഇറുത്തെറിയാനായേക്കും. എന്നാൽ വസന്തത്തിന്റെ വരവിനെ തടയാനാകില്ല എന്ന നെരൂദാ വരികൾ. പുലയാടി മോനും ചെറ്റയും തെറിയായതെങ്ങിനെ? കീഴാളന്റെ തെറ്റെന്ത്? തൂക്കിലേറ്റുന്നത് എന്തിനാണ്? ഒന്നാം ലിംഗത്തെയും രണ്ടാം ലിംഗത്തെയും സൃഷ്ടിച്ച് കുറെ മൂന്നാം ലിംഗക്കാരെ അകറ്റിനിർത്തുന്നതെന്തിനാണ്? സ്വവർഗ്ഗാനുരാഗം തെറ്റാവുന്നത് എങ്ങനെ തുടങ്ങി വികസനം കൊണ്ട് ചതയ്ക്കപ്പെട്ടവരുടെയും അകറ്റി നിർത്തപ്പെട്ടവരുടെയും ഭാഷയ്ക്ക് വേണ്ടി, ഭാഷയ്ക്ക് എതിരെയുള്ള പോർവിളിയാണിത്. രണ്ട് ആത്മഹത്യാ കുറിപ്പുകൾ ഉണ്ടിതിൽ. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സാഹിത്യം കഥയോ കവിതയോ അല്ല ആത്മഹത്യാ കുറിപ്പുകളോ ആണെന്ന് എൻ.എസ്. മാധവൻ.

***

കുറേ യാത്ര ചെയ്തവർ ആവർത്തിച്ചുപറയാറുണ്ട്. 'കുറെ മനുഷ്യരെ എല്ലായിടത്തും കണ്ടെത്താറുണ്ടെന്ന്' ഷൗക്കത്തിന്റെ 'ഹിമാലയം' വായിച്ചപ്പോൾ സഹജീവികൾക്ക് നന്മ മാത്രം പകരുന്ന കുറെ മനുഷ്യർ ഉള്ളിൽ കയറി.

ഒരുപിടി അരി അരപ്പട്ടിണിയിലും എടുത്തുവെച്ചിരുന്നു ഞങ്ങളുടെ പൂർവ്വികർ! വഴിയോരത്ത് സംഭാര ഭരണിയും കാലികൾക്ക് കുടിവെള്ള തൊട്ടികളും കിളികൾക്ക് മരച്ചില്ലകളിൽ വെള്ളം നിറച്ച പാത്രങ്ങളും.... ഉറങ്ങാൻ കിടക്കാൻ നേരം ഉമ്മൂമ്മ പറയാറുള്ള കഥകളിലെ കഥാപാത്രങ്ങൾ മാത്രമാണിന്ന്. ഇതൊക്കെ തച്ചുടച്ചാണ് നല്ല മനുഷ്യരില്ലെന്ന് വിലപിക്കുന്നത്!

രാജ്യദ്രോഹിയാണെങ്കിൽ ഓന്റെ മയ്യത്ത് ഇനിക്ക് കാണണ്ട എന്ന ഡയലോഗ്നോട് കൂടിയായിരുന്നു മുഹ്സിൻ പരാരിയുടെ 'ദ നേറ്റീവ് ബാപ്പ' എന്ന ഹ്രസ്വചിത്രം പര്യവസാനിക്കുന്നത്. 'ദ ഫ്യൂണറൽ ഓഫ് എ നേറ്റീവ് സൺ' എന്ന മുഹ്സിന്റെ പുതിയ ഹ്രസ്വചിത്രത്തിലൂടെ ഇത് തിരുത്തുകയാണ് കാലം. പ്രതികരിക്കുന്നവരെയും അവകാശങ്ങൾക്കുവേണ്ടി പോരാടുന്നവരെയും രാജ്യദ്രോഹികളായി മുദ്രകുത്തുന്ന രാഷ്ട്രീയത്തോട്, രോഹിത് വെമുല എന്ന ദളിതൻ മാത്രമല്ല അവകാശങ്ങൾക്ക് വേണ്ടി മരിക്കാൻ തയ്യാറാണെന്ന് ബോധ്യപ്പെടുത്തുകയാണ് ഈ ശവമടക്കലുകളിലൂടെ.


രാഷ്ട്രീയപരമായി മാത്രമല്ല ഹ്രസ്വസിനിമയുടെ ചൈതന്യവും ഈ രണ്ട് ചിത്രങ്ങളെ മികവുറ്റതാക്കുന്നുണ്ട്.

***

'കമ്മട്ടിപ്പാടം' കണ്ടിറങ്ങിയപ്പോൾ മനസ്സിൽ നിറയെ ആധിയായിരുന്നു. നാട്ടുചൈതന്യവും നഗരവൽക്കരണവും ഉള്ളിൽ ഹാലിളക്കമുണ്ടാക്കി. ഫേസ്ബുക്കിൽ ആഷിക്ക് അബു ഷെയർ ചെയ്തത് മറ്റൊന്നായിരുന്നു. ഒരു ഹാഷ് ടാഗ്.

'ഇടുങ്ങി, ഇടുങ്ങി ഇല്ലാതായിക്കൊണ്ടിരിക്കുന്ന മറ്റൊരു കമ്മട്ടിപ്പാടമാണ് മഹാരാജാസ്.'

കാമ്പസ്സുകൾ അടിച്ചമർത്തപ്പെടുന്നതിനെ കമ്മട്ടിപ്പാടം കൊണ്ട് അളക്കുമ്പോൾ കമ്മട്ടിപ്പാടം ഒരു രൂപകമാവുകയാണ്.


**ലിറ്റിൽ മാസിക കവിതാ പതിപ്പ്**

ലിറ്റിൽ മാസികയുടെ ഒരു ലക്കം

കവിതകളുടേത്.

കവികളായ ചെങ്ങാതിമാർ

മുൻകൈ എടുത്ത് സമാഹരിച്ച

കുറെ കവിതകൾ...

കവിതയെക്കുറിച്ച് ആലോചനകൾ..

കവിത ഇല്ലാതാവുന്ന

ജീവിതവും കാലവും നമ്മെ

ഭയപ്പെടുത്തുമ്പോൾ

കവിതയുടെ കടലാസു തോണികൊണ്ടെങ്കിലും......

ബന്ധങ്ങൾക്ക്

*ലിറ്റിൽ മാസിക*
*ചുങ്കത്തറ പി.ഒ*
*മലപ്പുറം 679334*

# സഞ്ചാരികളുടെ ദൈവം

**ബോബി ജോസ് കട്ടിക്കാട്**

ആറ്റുവക്കിൽ വെളിച്ചം വീശുന്നതിനുമുമ്പേ ചൂണ്ടയിടാനിരുന്ന ഒരു മുക്കുവൻ. കാത്തിരിപ്പിന്റെ വിരസത അകറ്റാൻ അയാൾ മുമ്പിലുള്ളൊരു കൽക്കൂമ്പാരത്തിൽ നിന്ന് ഓരോ കല്ലെടുത്ത് ആഴങ്ങളിലേക്ക് വലിച്ചെറിഞ്ഞുകൊണ്ടിരുന്നു... വെളിച്ചം വീശുമ്പോൾ അയാളുടെ കയ്യിൽ ഒടുവിലത്തെ കല്ലായിരുന്നു. ഒരു നിലവിളിയോടെ അയാൾ അപ്പോളറിഞ്ഞു. കല്ലായിരുന്നില്ല അത്! വിലപിടിപ്പുള്ള ഒരു മുത്ത്. കൈമോശം വന്ന മുത്തുകളുടെ കൂമ്പാരങ്ങൾ. അതുപോലെ കാലത്തിന്റെ പുഴയിലേക്ക് നാം അലസമായി എറിഞ്ഞുകളയുന്ന നിമിഷമുത്തുകൾ എന്നെന്നേക്കുമായി നഷ്ടമാകുമെന്ന അറിവ് ജീവിതത്തെ കുറേക്കൂടി ഗൗരവപൂർവ്വം കാണാൻ നമ്മെ പഠിപ്പിക്കുമല്ലോ.

ജൂനിപ്പർ എന്ന ഒരു തമാശക്കാരൻ കോമാളി സെന്റ് ഫ്രാൻസിസിനോട് പറഞ്ഞു. "നിങ്ങളുടെ പ്രാർത്ഥനകൾ കണ്ടിട്ട് കൊതിയാകുന്നു. എനിക്ക് പ്രാർത്ഥിക്കാനാവുന്നില്ലല്ലോ." "ഇവിടെയെത്തുന്നതിനു മുമ്പ് നീയെന്തു ചെയ്യുകയായിരുന്നു?" "ഒരു വഴിയോര വിനോദസംഘത്തിലെ കോമാളി." "അതാവട്ടെ നിന്റെ പ്രാർത്ഥന, ദേവാലയ വാതിലുകൾ ചാരിയിട്ട്, ദൈവത്തിന്റെ മുമ്പാകെ നിന്റെ കോമാളിത്തരങ്ങൾ കാട്ടുക."

അങ്ങനെ ചെയ്തു തുടങ്ങി. ഓരോ ദിവസവും ദൈവത്തിനായി പുതിയ നമ്പരുകൾ. ജാലകപ്പാളികളിലൂടെ അകത്തേക്ക് വിരൽ ചൂണ്ടി ഫ്രാൻസിസ് തന്റെ കൂട്ടുകാരോട് പറഞ്ഞു. "അകത്ത് ഒരു പ്രാർത്ഥന നടക്കുകയാണ്. ഞാൻ കണ്ടിട്ടുള്ളതിൽ വെച്ചേറ്റവും മനോഹരമായ പ്രാർത്ഥനകളിൽ ഒന്ന്!"


# തോക്കിന് പകരം കോരിക

**റാഷിദ**

ഏറ്റവും കൂടുതൽ പേർ വെടിയേറ്റു മരിക്കുന്നു എന്ന കുപ്രസിദ്ധിയുള്ള ഒരു മെക്സിക്കൻ പട്ടണമാണ് കളിയാക്കൻ. നൂതനാശയങ്ങൾ പ്രയോഗത്തിലാക്കുവാൻ പരിശ്രമിക്കുന്ന കലാകാരനായ പെദ്രോ റൈസ് തോക്കുകൾ കൊണ്ടുള്ള മരണവികൃതികൾക്ക് പരിഹാരവുമായി രംഗത്തു വന്നിരിക്കുന്നു.


പെദ്രൊ റൈസ് തോക്കുകൾ അവയുടെ ഉടമകളിൽ നിന്ന് വാങ്ങി പകരം അവർക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള കൂപ്പണുകൾ കൈമാറുന്നു. ഇങ്ങനെ ശേഖരിച്ച തോക്കുകൾ ഉരുക്കി കോരികകൾ പൊതുവിദ്യാലയങ്ങൾ, കലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിതരണം ചെയ്യുന്നു.

പെദ്രൊ റൈസിന്റെ ഈ സവിശേഷ പരിപാടിയുടെ പേര് പലാസ് പോർ പിസ്റ്റോളാസ് എന്നാണ്. 'തോക്കിനു പകരം കോരിക' എന്നാണ് ഈ പേരിന്റെ അർത്ഥം. ഈ പരിപാടിയുടെ ഭാഗമായി 1527 തോക്കുകളാണ് ശേഖരിച്ചത്. ഇവയിൽ നാൽപത് ശതമാനവും സ്വയം പ്രവർത്തിക്കുന്നതും സൈനികർ സാധാരണയായി ഉപയോഗിക്കുന്ന തോക്കുകളുടെ അത്ര വായവട്ടവുമുള്ളവയാണത്രെ. ഈ തോക്കുകളെല്ലാം ഒരു സൈനിക കേന്ദ്രത്തിൽ കൊണ്ടുപോയി പൊതുജനങ്ങൾ കാൺകെ സ്റ്റീം റോളർ ഉപയോഗിച്ച് ഉടച്ചു. പിന്നീട് അത് ഉരുക്കിയാണ് കോരികകൾ ഉണ്ടാക്കിയത്.കോരികകൾ മാത്രമല്ല മനോഹരമായ ശിൽപ്പങ്ങളും ലൈഫ് മോഡലുകളും തോക്കുകളിൽ നിന്നും പെദ്രൊ റൈസ് രൂപപ്പെടുത്തുന്നുണ്ട്(*പാഠഭേദം*)



പുസ്തകം/ദർശനം

body and earth
C.F. John, Thomas H. Pruiksma
Elements Media Initiative, Kozhikodu
info@elementsmediainitiative
Price: Rs.300/-




# മണ്ണും ശരീരവും

## ജീവിതഭാഷണങ്ങളുടെ പുസ്തകം

കലാചന്ദ്രൻ, എം.പി.പ്രതീഷ്

ജലവുമായുള്ള മനുഷ്യരുടെ ബന്ധത്തെക്കുറിക്കുന്ന ഒരാദിമദൃശ്യത്തിൽ നിന്നാണ് സി.എഫ്.ജോണും, തോമസ് എച്ച് പ്രിക്സ്മയും, ഭൂമിയെയും മനുഷ്യരെയും പറ്റിയുള്ള സംഭാഷണങ്ങൾ ആരംഭിക്കുന്നത്. ഗർഭത്തിനുള്ളിൽ അമ്നിയോട്ടിക് ദ്രവത്തിൽ ആഴ്ന്നുകിടക്കുന്ന ദീർഘകാലം നമ്മുടെ ശരീരത്തിൽ രേഖപ്പെടുത്തിയ മിടിപ്പുകൾ എങ്ങനെയാണു, പിറവിക്കു ശേഷം ഈ ഭൂമിയിൽ ചവിട്ടിനടക്കുമ്പോൾ നമ്മുടെ അതേ ശരീരം വായിച്ചെടുക്കുന്നത് എന്ന് ആ സംഭാഷണ ശകലം നമ്മോടു പറയുന്നു. അമ്മക്കുള്ളിലായിരിക്കവെ ശരീരം കടന്നുപോന്ന ഋതുഭേദങ്ങൾ തന്നെയാണു മനുഷ്യ വംശത്തെ ഭൂമിയുമായി ബന്ധിപ്പിക്കുന്ന ജൈവമൂലകവും.

ഒരു നദിയിലിറങ്ങുമ്പോൾ നാം ആ ഓർമ്മ തിരിച്ചെടുക്കുന്നു. മഴയിലിറങ്ങുമ്പോൾ നമ്മുടെ ദേഹം ജലത്തിന്റെ ശരീരവുമായി ഒന്നുചേരുകയായി. അമ്മയുടെ മണവും ചൂടും രുചികളും ഗർഭജലത്തിൽ നിന്നു നാമറിഞ്ഞുപോലെ ഈ വെള്ളത്തിൽ നിന്നും ഭൂമിയുടെ മിടിപ്പുകൾ, ഗന്ധം, രുചി പകർന്നെടുക്കുകയാണ്.

നഗ്നമായ പാദങ്ങളോടെ മണ്ണിൽ ചവിട്ടി നടക്കുമ്പോഴും ഇതേ മട്ടിൽ നാം ഭൂമിയെ, നമ്മുടെയും ഭൂമിയുടെയും ശരീരങ്ങൾ തമ്മിലുള്ള ചേർപ്പിനെ, സൂക്ഷ്മമായ ആന്തരികശ്രുതി തിരിച്ചറിയുന്നുണ്ട്. കാറ്റ്, ജലം, ആകാശം, മണ്ണ്, അഗ്നി, ഓരോ ജൈവാനുഭവവുമായും നമ്മുടെ ഉടൽ കലരുന്നതിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് സംഭാഷണം തുടരുകയാണ്, മെയ്യും മണ്ണും (body and earth) എന്ന പുസ്തകം.

ഓരോ വസ്തുവിന്റെയും ജീവിയുടെയും സസ്യത്തിന്റെയും ഉടലുകൾ തമ്മിൽ കൊരുത്തിരിക്കുന്നു. അതൊരു ആവാസ വ്യവസ്ഥയായിരിക്കുന്നു. ഭൂമിയുടെ ഭാഷയാണത്. അതിനാലാണു നർമ്മദയിലെ ഗോത്രമനുഷ്യർ, ഈ നദി ഞങ്ങളുടെ ഞരമ്പുകളിലൂടെയാണു ഒഴുകുന്നത് എന്നു പറയുന്നത്. നദീജലത്തെ സ്വന്തം ഉടലിനുള്ളിൽ അനുഭവിക്കുന്ന, തിരിച്ചറിയുന്ന അവബോധമാണു നമ്മുടെ കാലത്തിനു കൈമോശം വന്നത്.

ബുദ്ധ ദർശനങ്ങളുടെ കൈവഴിയാണിത്. സ്വന്തം ശരീരത്തിലൂടെ ഭൂമിയുടെയാകെയും സ്പന്ദങ്ങൾ പിടിച്ചെടുക്കയായിരുന്നു സിദ്ധാർത്ഥൻ. നടക്കുമ്പോൾ നടക്കുകയും തിന്നുമ്പോൾ തിന്നുകയും പ്രണയിക്കുമ്പോൾ പ്രണയിക്കുകയും ചെയ്യുന്നതിലൂടെ നാം ഭൂമിയുടെ നിശ്ശബ്ദമായ താളക്രമത്തോട് പൊരുത്തപ്പെടുന്നു. അന്നേരം ഉള്ളിലൊരു മൗനം (emptiness) വന്നു നിറയുന്നു. നാം നാമായിത്തീരുന്നു. ഒഴുക്കിലാവുന്നു. നാം ഉടലിനപ്പുറം സഞ്ചരിക്കുന്നു. ഇങ്ങനെ ജൈവമായ ഉറവിടങ്ങളിലേക്ക് തിരിച്ചുവരാനുള്ള ക്ഷണമാണു ഈ പുസ്തകത്തിലെ സംഭാഷണശകലങ്ങൾ.

അറിവുകൾ മാത്രം ഓർമ്മിക്കാൻ പരിശീലിപ്പിക്കുന്ന പള്ളിക്കൂടങ്ങൾ, എഴുതിയത് മാത്രം വായിക്കാൻ പറയുന്ന ഗ്രന്ഥശാലകൾ, വാങ്ങുവാൻ മാത്രം പറയുന്ന അങ്ങാടികൾ, രാജ്യസ്നേഹിയാവാൻ നിർബന്ധിക്കുന്ന ഭരണകൂടം, ഇവയെല്ലാം നമ്മെ, നമ്മുടെ ശരീരത്തിൽ നിന്നും ഏറെ അകലേക്കു കൊണ്ടുപോയിരിക്കുന്നു. എല്ലാം ചിതറിയ മട്ടിൽ വേറെ വേറെ ആയി തിരിച്ചറിയുന്നു. കുപ്പിവെള്ളം ഒരു കിണറിൽ/നദിയിൽ നിന്ന് ഏറെ വിദൂരമാണ്. ധാന്യങ്ങൾ അത് കൊയ്തെടുത്ത വയലുകളിൽ നിന്ന്, പാഠങ്ങൾ അതിനു പിന്നിലെ അനുഭവങ്ങളിൽ നിന്ന്, വിദൂരമാണ്. ശരീരത്തിലേക്ക് മടങ്ങുമ്പോൾ നാം വേരുകളിലേക്ക് മടങ്ങുന്നു.

നടക്കുമ്പോഴാണു വഴികളുണ്ടാവുന്നത്. രുചിക്കുമ്പോൾ നാക്കും മണക്കുമ്പോൾ മൂക്കും കാണുമ്പോൾ മിഴിയും തൊടുമ്പോൾ ചർമ്മവും ഉണ്ടാകുംപോലെ. സസ്യങ്ങളെയും ജീവികളെയുമെന്നല്ല, കല്ലിനെ, ജലത്തെ, കാറ്റിനെ, മണ്ണിനെ ഒക്കെ നാം തൊട്ടും മണത്തും രുചിച്ചും തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയാണു നമുക്ക് നമ്മുടെ ആന്തരികത, ഭാഷ, ശരീരം ഒക്കെ തിരികെ കിട്ടുന്നത്. കിണറിനകത്തെ വെള്ളവും ഒഴുകുന്നുണ്ട്. നാം കാണാത്ത അനേകമിടങ്ങളിൽ, കാലങ്ങളിൽ സഞ്ചരിക്കുന്നുണ്ട്. ഓരോന്നിനെയും സ്പർശിക്കുന്നുണ്ട്. ആ സ്പർശമാണു ലോകത്തെ ഉയിരോടെ വെക്കുന്നത്. ജീവിതത്തെ കൂടുതൽ ആഴത്തിൽ അഭിമുഖീകരിക്കാൻ ഈ സംഭാഷണം നമ്മെ പ്രേരിപ്പിക്കുന്നു. നിലവിലുള്ള ജീവിതത്തെ, രാഷ്ട്രീയത്തെ, വിപണിയെ, മതങ്ങളെ, ഒക്കെ കുറിച്ച് മാറി ചിന്തിച്ചു തുടങ്ങുന്നു. ആത്മീയതയും രാഷ്ട്രീയതയും വേറിട്ടതല്ല. അവ ഒരേ നദിയുടെ കൈവഴികൾ തന്നെ. അങ്ങനെ നോക്കുമ്പോൾ ഈ പുസ്തകം ശരീരത്തിന്റെ രാഷ്ട്രീയവും ആത്മീയതയും ഓർമ്മിപ്പിക്കുന്ന ബുദ്ധമാർഗ്ഗം ആയിരിക്കണം തെളിയിക്കുന്നത്.

# പൊതിച്ചോറ്

**ഫാ. ജേക്കബ് വർഗ്ഗീസ്**

ഞാൻ ഒരു ക്രിസ്ത്യൻ പുരോഹിതനാണ്. എന്റെ കണ്ണു തുറപ്പിച്ച സംഭവത്തെ കുറിച്ചാണ് പറയുന്നത്. ഒരിക്കൽ ഞാൻ ട്രെയിനിൽ യാത്രചെയ്യുകയായിരുന്നു. ഒരു വികലാംഗനായ യാചകൻ യാത്രക്കാരുടെ ഇടയിലൂടെ വന്നു. ഉച്ചസമയമായിരുന്നു. ഞാൻ കയ്യിൽ തടഞ്ഞ നാണയത്തുട്ട് അയാൾക്ക് നീട്ടി. ഒപ്പമിരുന്നവരും നാണയങ്ങൾ കൊടുത്തു. പെട്ടെന്നാണ് ഞാനത് ശ്രദ്ധിച്ചത്. എന്റെ എതിർവശത്തിരുന്ന ഒരു യുവാവ് തന്റെ ബാഗ് എടുത്ത് തുറന്ന് അതിലുണ്ടായിരുന്ന പൊതിച്ചോറ് എടുത്ത് യാചകന് കൊടുത്തു. യാചകൻ അത് ആർത്തിയോടെ വാങ്ങി തിരക്കിൽ മറഞ്ഞപ്പോൾ ഞാൻ ധരിച്ച വസ്ത്രം കൊണ്ട് ഒരു പുരോഹിതനാണെന്ന് തിരിച്ചറിയുന്നതിൽ ഞാൻ ലജ്ജിച്ചു.

# കയറ്റുമതിക്കായി കുട്ടികൾ

**രവീന്ദ്രൻ മടിക്കൈ**

പുതുതായി പണികഴിപ്പിച്ച വീട്ടിൽ സന്ദർശനത്തിന് പോയതായിരുന്നു. അധികം മുറികളില്ലാത്തതിനെകുറിച്ച് ഗൃഹനായകൻ പറഞ്ഞതിങ്ങനെ. 'ഒരു മകനല്ലേയുള്ളൂ. എന്തായാലും അവനെ പുറത്തേക്ക് വിടാനുള്ളതല്ലേ. അതുകൊണ്ട് ഞങ്ങൾക്ക് രണ്ടാൾക്കും വേണ്ടി എന്തിനാ വലിയ വീട്?' പുറത്തേക്ക് കയറ്റുമതി ചെയ്യാനായി മക്കളെ പഠിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നവരുടെ ലോകമാണല്ലോ കേരളം എന്ന് ഓർത്തുപോയി.

## *ഇടക്കെഴുതൂ, വിളിക്കൂ...*

*നിങ്ങളെപ്പോലെ- നിശ്ശബ്ദരെങ്കിലും ഗൗരവമുള്ള വായനക്കാരാണ് ലിറ്റിൽ മാസികയുടെ ജീവൻ. അവർ അധികമൊന്നും പറയാതെ, ജീവിതത്തിലെ ചെറിയ നിമിഷങ്ങൾ കൊണ്ട് മാസികയിലെ ഉള്ളടക്കത്തോട് പ്രതികരിക്കുന്നു. ഏറ്റവും പ്രിയപ്പെട്ട സുഹൃത്തിന് മാസിക പരിചയപ്പെടുത്തുന്നു. ഒഴിവുനേരത്ത് മണ്ണിലിറങ്ങുന്നു. വെറുതെയിരിപ്പിന്റെ ആനന്ദം അറിയുന്നു. ചെറിയ വീടുണ്ടാക്കുന്നു. പാട്ടു കേൾക്കുന്നു. അയൽവീട്ടിലേക്ക് ആഹാരം പകരുന്നു. ഊഷ്മളമായ അടുപ്പവും കരുതലും സൗഹൃദവും പകരുന്നു. ചെറിയ ജീവികളെയും നിസ്സാരരായ മനുഷ്യരെയും പരിഗണിക്കുന്നു. പുതിയ ഒരു ജീവിതത്തെ കുറിച്ച് ആലോചിക്കുന്നു.*

*നിങ്ങളുടെ അകലെ നിന്നുള്ള ഈ നേർത്ത സ്പർശമാണ് മാസികയെ നിലനിർത്തുന്നത്. ഇടക്കെഴുതൂ, വിളിക്കൂ...*

*.വിലാസം: ലിറ്റിൽ മാസിക,*
*ചുങ്കത്തറ പി.ഒ., മലപ്പുറം,*
*ഫോൺ: 9946428284,8547300532*

**ജിദ്ദു കൃഷ്ണമൂർത്തി**

ധ്യാനത്തിന്റെ അർത്ഥവും സൗന്ദര്യവും നിങ്ങൾക്കറിഞ്ഞുകൂടെങ്കിൽ നിങ്ങൾക്ക് ജീവിതത്തെ കുറിച്ച് ഒന്നും അറിഞ്ഞുകൂടാ. നിങ്ങൾക്ക് ഏറ്റവും പുതിയ കാർ സ്വന്തമായുണ്ടായിരിക്കും. നിങ്ങൾക്ക് ലോകം മുഴുവൻ സ്വതന്ത്രനായി സഞ്ചരിക്കാൻ സാധിക്കുന്നുണ്ടാകാം. പക്ഷേ യഥാർത്ഥ സൗന്ദര്യമെന്തെന്ന്, ധ്യാനത്തിന്റെ സൗന്ദര്യവും ആഹ്ലാദവും എന്തെന്നറിയുന്നില്ലെങ്കിൽ ജീവിതത്തിന്റെ വലിയ ഭാഗം നിങ്ങൾക്ക് നഷ്ടപ്പെടുകയാണ്. ഞാൻ ധ്യാനം പഠിക്കണമെന്ന് നിങ്ങളെക്കൊണ്ട് പറയിക്കുകയല്ല. നൈസ്സർഗ്ഗികമായി വരേണ്ട ഒരനുഭവമാകുന്നു അത്. അന്വേഷിക്കുന്ന ഒരു മനസ്സ് അനിവാര്യമായും അതിലേക്ക് വരും. ജാഗ്രത്തായ ഒരു മനസ്സ്, ഉള്ളതുകൊണ്ട് സ്വയം തൃപ്തമായ മനസ്സ് ആകുന്നു സ്വയം ഗ്രഹണാത്മകം. സ്വയം അറിയുന്നത്.


## വരിസംഖ്യ കൊണ്ടുമാത്രമല്ല..

**സൗഹൃദങ്ങളുടെ ഊർജ്ജം കൊണ്ടുമാണ് ലിറ്റിൽ മാസിക നിലനിൽക്കുന്നത്**

*വരിസംഖ്യ ഒരു വർഷത്തേക്ക് 150 രൂപ*

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*
*അക്കൗണ്ട് നമ്പർ -*
***ബിജു ജോൺ***
*0857101067932*
*(കാനറ ബാങ്ക്*
*എടക്കര ശാഖ)*

മനുഷ്യപ്പറ്റിന്റെ ഒരു ഊറ്റുതടമായിരുന്ന പഴയ ഒരു കാപ്പിക്കടയുടെ ഓർമ്മകൾ...

# രണ്ടു ദോശയും ഒരു കാപ്പിയും

അപ്പു മുട്ടറ

'കുളിര്' എന്ന പേരിൽ മുൻലക്കത്തിൽ ഞാൻ എഴുതിയ കുറിപ്പിൽ ഒരു നാടൻ ചായപ്പീടിക പരിചയപ്പെട്ടതോർക്കുമല്ലോ! അതു പോലത്തെ ഒന്നു ഞങ്ങൾ നടത്തിയിരുന്നു. ഞാനന്ന് ഹൈസ്കൂളിൽ പഠിക്കുകയായിരുന്നു. പശുക്കളും എരുമകളും ആടുകളും സ്വന്തമായുണ്ടായിരുന്നു. വീടിന്റെ താഴെ വയലേലയുടെയും തോടിന്റെയും ഇടവരമ്പത്തുള്ള ഒരു തെങ്ങിൻതോപ്പിലായിരുന്നു ഞങ്ങളുടെ ഓലമേഞ്ഞ ആറുകാലിച്ചായക്കട.

വെളുപ്പിന് 5 മണിക്കു മുമ്പേ ചായ തയ്യാറാകും. കർഷകരും കൂലിപ്പണിക്കാരുമായ കാരണവൻമാർ കൂടിയിരുന്നു ചായ കുടിച്ചും ബീഡി വലിച്ചും ചില്ലറ രാഷ്ട്രീയവും നാട്ടുകാര്യങ്ങളും അരമന രഹസ്യങ്ങളും പങ്കുവെച്ചും ഇരുട്ടകറ്റിക്കൊണ്ടിരുന്നു. നല്ല ശുദ്ധമായ കള്ളു ചേർത്തു ചുട്ടെടുത്ത ദോശയ്ക്ക് നല്ല പ്രചാരമായിരുന്നു. 1962–64 കാലത്തു ക്ഷാമം ബാധിച്ചപ്പോൾ ഗോതമ്പു പുട്ടും, ഗോതമ്പുദോശയുമായി. മൺകലത്തിൽ തിളച്ച വെള്ളം വലിയ ചിരട്ടത്തവി കൊണ്ടു കോരി തേയില സഞ്ചിയിൽ വീഴ്ത്തി ആയിരക്കണക്കിനു ചായയുണ്ടാക്കി കൊടുത്തിട്ടുണ്ട് ഞാനും. എട്ടുമണി വരെ ഞാനും ഏട്ടനുമുണ്ടാകും. പിന്നെ കച്ചവടം അമ്മയും അച്ഛനും കൂടി നടത്തും. പത്തുമണിക്ക് മുൻവശത്തെ ചെറ്റത്തട്ടി താഴ്ത്തി കട അടയ്ക്കും. ഇനി വൈകിട്ട്. ഗോതമ്പുകൊണ്ടുള്ള വത്സനാണ് പലഹാരം. നല്ല നാടൻ പഴവുമുണ്ടാവും. ഉപ്പൂത്തി എന്ന് മലബാറിൽ പറയപ്പെടുന്ന വട്ടമരത്തിന്റെ ഇലകളിലാണ് വത്സനുണ്ടാക്കുക. ദോശയും പുട്ടും കടലക്കറിയും ഒക്കെ വിളമ്പിയിരുന്നതും അതിലായിരുന്നു. തേങ്ങാച്ചമ്മന്തി നിർബന്ധമായിരുന്നു. വത്സനിലും പുട്ടിലും ഒക്കെ സമൃദ്ധമായി തേങ്ങ ചേർത്തിരുന്നു; കടലക്കറിയിൽ തേങ്ങാനുറുക്കുകളും.

രണ്ടു ബെഞ്ചുകൾ, ഒരു ചായത്തട്ട്, ഒരു തേയിലപ്പെട്ടി (അക്കാലത്ത് കനം കുറഞ്ഞ് പ്ലൈവുഡിന്റെ ചതുരപ്പെട്ടിയിലായിരുന്നു തേയില വന്നിരുന്നത്.) കടയുടെ മുന്നറ്റത്ത് ഒരു ഡസ്കിൽ ബിഡി, സിഗററ്റ്, മുറുക്കാൻ എന്നിവയും ഒരു അക്കൗണ്ടുബുക്കും ഉണ്ടായിരുന്നു; ബാർസോപ്പും കവർ തീപ്പെട്ടിയും വേറെ.

കടം പറഞ്ഞിട്ടു മുങ്ങിനടക്കുന്ന ചില വിരുതൻമാരെ തേടി ഇടയ്ക്കിടയ്ക്ക് ഏട്ടനും അച്ഛനും കുന്നുകൾ കയറിയിറങ്ങുക പതിവായിരുന്നു. പിടികിട്ടാപ്പുള്ളികളെ ഒടുവിൽ എഴുതിത്തള്ളി നെടുവീർപ്പിടുകയേ വഴിയുള്ളൂ.

കമ്പോളത്തിൽ എന്റെ ഒരമ്മാവൻ ഒരു കാപ്പിക്കട നടത്തിയിരുന്നു; വീടിന്റെ സമീപത്ത് ഒരു കെട്ടിടത്തിൽ. മുതലാളിയും തൊഴിലാളിയും എല്ലാം അമ്മാവനായിരുന്നു. നരച്ച കുറ്റിമുടിയും, പുരികവും. സാമാന്യം വലിപ്പമുള്ള വെളുത്ത ശരീരം. കൗപീനത്തിനു മീതെ ചുറ്റിയുടുത്ത വലിയ ഒരു ചുട്ടിത്തോർത്തു മാത്രമായിരുന്നു വേഷം. തരക്കേടില്ലാത്ത തറവാട്ടിലെ കാരണവരായിരുന്നെങ്കിലും കാപ്പിക്കച്ചവടമായിരുന്നു അമ്മാവന്റെ സമരായുധം.

കടയിലെ ഭൂരിഭാഗം കസ്റ്റമേഴ്സും കശുവണ്ടിത്തൊഴിലാളികളായ സ്ത്രീകളായിരുന്നു. തുച്ഛവരുമാനക്കാരായ എത്രയോ അമ്മമാരും ചേച്ചിമാരും അമ്മാവൻവാന്റെ കടയിലെ അരിപ്പുട്ടും കാപ്പിവെള്ളവും കഴിച്ചുകൊണ്ട് പകലന്തിയോളം പണിയെടുത്തിരുന്നു!

ചായയുടെ സ്ഥാനത്ത് കരുപ്പെട്ടിക്കാപ്പിയായിരുന്നു. ഒരടുപ്പത്ത് സദാ ചൂടുപിടിച്ചിരിക്കുന്ന ചെമ്പിന്റെ ഒരു കലമാണ് കാപ്പിയുടെ 'തീരാക്കുളം'. സ്റ്റോക്ക് കുറയുംതോറും കരുപ്പെട്ടിത്തുണ്ടുകൾ വാരിയിട്ട് ആവശ്യത്തിനു വെള്ളമൊഴിച്ചിട്ട് ഓലച്ചൂട്ടെടുത്ത് അടുപ്പിലേക്ക് തിരുകിവെച്ചിട്ട് ആത്മാർത്ഥമായി അമ്മാവൻ നാലഞ്ച് ഊതിക്കൊടുക്കുന്നു. അമ്മാവന്റെ തലയിലും കസ്റ്റമേഴ്സിന്റെ മേലുമൊക്കെ അല്പസ്വല്പം ചാരം പറന്നുവീഴുമെങ്കിലും ആർക്കും പരാതിയില്ല. ചൂട്ടുകത്തേണ്ടതും കാപ്പി തിളക്കേണ്ടതും ഏവരുടെയും ആവശ്യമാണല്ലോ? ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു.

മറ്റൊരടുപ്പത്ത് ഒരു ദോശകല്ലിരിക്കുന്നു. വർണ്ണം ദ്രാവിഡം തന്നെ. ഒരു കലത്തിലേക്ക് കുറേ ഗോതമ്പുപൊടിയിട്ട് ഉപ്പുനീരും വെള്ളവും ചേർത്ത് ഒരു വശം തേഞ്ഞ ചിരട്ടത്തവി കൊണ്ട് അമ്മാവൻ വാശിയോടെ കറക്കിക്കറക്കി മാവുകലക്കിയെടുക്കുമ്പോഴേക്ക് കല്ലുചൂടായി. കല്യാണസദ്യയ്ക്ക് നെയ്വിളമ്പുന്നവന്റെ നിയന്ത്രണബോധത്തോടെ അമ്മാവൻ ചൂടുകല്ലിലേക്ക് ഒരു തവിമാവു സമർപ്പിച്ച് 'ര' എന്നു വരയ്ക്കുന്നു. ഒരു നിമിഷം. കള്ളുകുടിയന്റെ സദാചാര ബോധത്തോടെ തേഞ്ഞുതീരാറായ ചട്ടുകം കൊണ്ട് ദോശയെ മറിച്ചിടുന്നു. ദോശ റെഡി. വലിപ്പം കുറഞ്ഞ ദോശകളാണെങ്കിലും അവയ്ക്കു വല്ലാത്ത രുചിയായിരുന്നു. ചില പാവങ്ങൾ രണ്ടു മുറിയാക്കി നിമിഷനേരത്തിനുള്ളിൽ വിഴുങ്ങുന്നതു ഞാൻ കണ്ടിട്ടുണ്ട്. അമ്പലക്കുളത്തിലെ വരാലുകൾ അരിവെട്ടി വിഴുങ്ങുന്നതിന്റെ ചിത്രമാണ് എനിക്കപ്പോൾ ഓർമ്മ വന്നിട്ടുള്ളത്.

മനുഷ്യപ്പറ്റിന്റെ ഒരു ഊറ്റുതടമായിരുന്നു അമ്മാവന്റെ കാപ്പിക്കട. തണ്ണീർപ്പന്തലിന്റെ സേവനത്വരയോടൊപ്പം ഉപജീവനമോഹം കൂടിച്ചേർന്ന ആശ്വാസത്തണലുകളായിരുന്നു നാടൻ കാപ്പിക്കടകൾ. അമ്മാവന്റെ കടയിൽ ഉപദംശമായി ലഭിച്ചിരുന്നത് ഭൂതദയയായിരുന്നു. രണ്ടും മൂന്നും ദോശ വാങ്ങുന്നവർക്ക് ഒരു കപ്പു കാപ്പി സൗജന്യം കൊടുത്തിരുന്നു. ഈ ഫ്രീ കാപ്പിയെ ലാക്കാക്കി രണ്ടും മൂന്നും ദോശ വാങ്ങിയിരുന്നവർ ഏറെയുണ്ടായിരുന്നു. 'പൊട്ടൻ' എന്ന് എല്ലാവരും വിളിക്കുന്ന ഒരു പാവം മനുഷ്യനുണ്ടായിരുന്നു. അയാളുടെ വാക്കുകൾ മനസ്സിലാക്കാൻ പാടായിരുന്നു. അയാളൊരിക്കൽ ആരോ കൊടുത്ത പൈസയ്ക്ക് രണ്ടു ദോശ വാങ്ങിത്തിന്നു. അമ്മാവന്റെ കാരുണ്യം ഒരു കാപ്പിയായി നീണ്ടുവരുമെന്നയാൺ പ്രതീക്ഷിച്ചിരുന്നെങ്കിലും അതുണ്ടായില്ല. അതിനിടയ്ക്കാണ് ഒരു സത്രീ വന്ന് ഒരു ദോശ വാങ്ങി തിന്നുന്നതിനിടയിൽ അമ്മാവനോട് 'മ്മിണി കാപ്പി തരുമോ?' എന്നു ചോദിച്ചത്. പൊട്ടന് അതിഷ്ടപ്പെട്ടില്ല. അയാൾ പറഞ്ഞു: "ഹൂം.... അണ്ട് ഓച്ച വാച്ചോന് ആപ്പി തന്നില്ല, പിന്നാ....ഒണ്ണോച്ച!"

ഗ്രാമജീവിതത്തിൽ നിന്ന് കാലത്തിന്റെ കാറ്റു കീറിപ്പ രത്തിക്കളഞ്ഞ പരമാർത്ഥങ്ങൾ ഇത്തിരിയൊന്നുമല്ല. വിശപ്പടങ്ങുകയെന്നത് ഗ്രാമത്തിലെ അപൂർവ്വാനന്ദമായി രുന്നു. 1964 കാലമൊക്കെ ക്ഷാമത്തിന്റെയും പൂഴ്ത്തി വെപ്പിന്റേതുമായിരുന്നു. ഉടുമുണ്ടു മുറുക്കിയിടുത്തു വിശപ്പിനെച്ചെറുത്തിരുന്ന അക്കാലത്തെ വിശിഷ്ട വര ങ്ങൾ മരച്ചീനിയും ചക്കയുമൊക്കെയായിരുന്നു. പശി കൊണ്ട് പള്ളപൊള്ളിയ പല ഹരിശ്ചന്ദ്രൻമാരും ജന്മി കളുടെ വിളഭൂമികളിൽ 'കായംകുളം കൊച്ചുണ്ണി' കളാ യിപ്പോയ ദുരിതകാലം.

അതു മഞ്ഞിനോടൊപ്പം മാഞ്ഞുപോയി. ആഹാരം ആഘോഷമാക്കിയ ഒരു പുതുകാലം നമുക്കു കൈവ ന്നു. വല്ലവന്റെയും നടവഴിയിലേക്കു വലിച്ചെറിയാ നുള്ള അഹങ്കാരമാണ് ഇന്നു നമ്മുടെ കുക്കറുകളിൽ വെന്തുകൊണ്ടിരിക്കുന്നത്. നാട്ടിടവഴിയോരങ്ങളിലെ ഓലമേഞ്ഞ ചായപ്പീടികകൾ നമുക്കിന്നു മാനക്കേടായി. നക്ഷത്രഹോട്ടലുകളും റിസോർട്ടുകളും നമ്മുടെ നാവു കളിൽ സ്വർണ്ണപ്പശ തേച്ചുകഴിഞ്ഞു.

അമ്മാവൻമാരും അവരുടെ കാപ്പിക്കടകളും അടർന്നു പൊയ്ക്കൊണ്ടിരിക്കുന്നു. വയലും നെല്ലും, കാളയും കലപ്പയും, കേളനും കാളിയും, കളയും കിളയും, വിതയും നടലും, ഞാറ്റടിയും ഞാറ്റുപാട്ടും, കൊയ്ത്തും മെതിയും, ഉരലുമുലക്കയും, പറയും പന മ്പും...ഒക്കെ വെറും ഓർമ്മകളായിരിക്കുന്നു. നാട് നഗ രമായി. 'എനിക്കും നഗരമായാൽ മതിയേ...' എന്നു കുത റിക്കരയുന്ന ഏതാനും ഗ്രാമങ്ങൾ കൂടിയുണ്ടാവാം. കോട്ടയിലെത്തുന്ന മുറയ്ക്ക് അവയും കരച്ചിൽ നിർത്തും.



*കാലുകളെ അറിയുന്നവർ സ്വന്തം ശരീരം അറി യുന്നവരും സ്വയം അറിയാൻ ശ്രമിക്കുന്നവരുമാണ്. കാലുകളുപയോഗിച്ചുള്ള നടത്തം എന്ന ക്രിയ ഹൃദയം കൊണ്ടുള്ള സഞ്ചാരം തന്നെയാണ് ഇവർക്ക്. അത് മറ്റ് മനുഷ്യരിലേക്കും പ്രകൃതിയി ലേക്കുമുള്ള ധ്യാനപഥങ്ങളാണ്.*

*ഒരു കാൽ ഒറ്റയ്ക്കാണെന്ന് നമുക്ക് തോന്നാം. അത് തീർച്ചയായും, ഒറ്റയ്ക്കല്ല. ഒറ്റക്കാൽ രണ്ടാകു മ്പോഴാണ് നടത്തം നടത്തമാവുന്നത്. രണ്ട് കാൽ ഒറ്റ ക്കാലായി നടത്തം തുടരുമ്പോഴാണ് മറ്റുകാലുകളു മായി സംവദിക്കുന്നത്. ഈ സംവാദത്തിന് മനുഷ്യ ഭാഷയല്ല മാധ്യമം. അത് തിര്യക്കുകളിലേയ്ക്കും സംക്രമിക്കുന്നുണ്ടല്ലോ! പറമ്പിൽ മേയുന്ന പശുവി നോട് ചോദിച്ചാൽ ഇക്കാര്യം അറിയാം. ചളിയിൽ പുളയുന്ന പോർക്കിലും ഗംഭീര ഭാവത്തിൽ നട ക്കുന്ന ആനയിലും ഇതുണ്ട്. ഭൂമിയിലെ സകലമാന ജീവികളുടെയും കാലുകൾ തമ്മിൽ ഒരു സംവാദം സംഭവിക്കുന്നുണ്ട്. ഒരു കാൽ ഒറ്റയ്ക്കാണെന്ന് തോന്നുമ്പോഴും, മറ്റ് കാലുകളില്ലെങ്കിൽ അതിന് നില നില്പില്ല. എന്തിനേറെ, അജൈവമെന്ന് നാം വ്യവ ഹരിക്കുന്ന കല്ലിനും മേഘത്തിനും നക്ഷത്രത്തിനും ജലത്തിനും കാലുകളുണ്ട്.*

(കാലുകൾ കൊണ്ട് ധ്യാനിക്കുക - കെ. അരവിന്ദാക്ഷൻ)

### ലിറ്റിൽ ഡ്രോപ്സ്

നല്ല മഷിപ്പേന കൊണ്ട് നീളമുള്ള നോട്ടുപുസ്തകത്തിൽ എഴുതുകയാണ് എന്റെ ശീലം

***-അനിതാ നായർ, എഴുത്തുകാരി.***

പരമാവധി ബസ്സിൽ യാത്ര ചെയ്യാനാണെനിക്കിഷ്ടം.കുടുംബമോ സുഹൃത്തുക്കളോ അങ്ങനെ കൂടുതൽപേരുള്ളപ്പോൾ മാത്രം കാർ എടുക്കും. ബസ് യാത്ര ഞാൻ നന്നായി ആസ്വദിക്കുക്കുന്നു.

***-കെ. ബാലചന്ദ്രൻ, അഭിഭാഷകൻ***

വീട്ടിലെ ഇന്റർനെറ്റ് കണക്ഷൻ മൂന്ന് ദിവസത്തേക്ക് കിട്ടാതായി. വൈഫൈ ഉപയോഗിച്ച് മൊബൈൽ ഫോണിലും ടാബിലും സദാ മുഴുകിയിരുന്നവർ പതുക്കെ അതിൽ നിന്നും പുറത്തുവരുന്നത് കണ്ടു.പഴയ കളിയും ചിരിയും ഒന്നിച്ചിരിക്കലുമൊക്കെ ജീവിതത്തിലേക്ക് മടങ്ങി വരുന്നത് ഞാൻ ശരിക്കും ആസ്വദിച്ചു.

തോമസ് ജോൺ,റിട്ടയർഡ് പോസ്റ്റ് മാസ്റ്റർ.

സമാർട്ട് ഫോൺ ഒഴിവാക്കി സാധാരണ ഫോണിലേക്ക് മടങ്ങിയത് ഒരു നല്ല തീരുമാനമായി എന്നാണെന്റെ അനുഭവം. സദാസമയത്തും സോഷ്യൽ മീഡിയയിൽ കുടുങ്ങിപ്പോയിരുന്ന ജീവിതം തിരിച്ചുപിടിച്ച സന്തോഷത്തിലാണ് ഞാൻ.

***-നിഷിത രാജീവ് , സ്റ്റാഫ് നഴ്സ്***

വഴിയിൽ വീണുകിടക്കുന്ന ഒരു ചെറിയ പത്രക്കടലാസിനും ചിലതു നമ്മെ പഠിപ്പിക്കും.ചരമകോളം വായിച്ചാൽ ചില സ്ഥലത്തെക്കുറിച്ചെങ്കിലും വിവരം കിട്ടും.

***-അപ്പു മുട്ടറ,അധ്യാപകൻ,എഴുത്തുകാരൻ***

കുറച്ച് നാളായി വിനോദയാത്രകൾക്ക് ദൂരെ പോകാറില്ല. അടുത്തുള്ള വിശാലമായ കുന്നിൻ ചെരിവുകൾ,പുഴക്കടവുകൾ, വയലുകൾ തുടങ്ങി അടുത്തുള്ള സ്വാഭാവിക ഇടങ്ങളിലേക്കായി യാത്രകൾ.

***-നാസർ മാടത്തറ***

*ചില അനുഭവങ്ങളെ മുൻനിർത്തി ചിലർ നടത്തിയ അഭിപ്രായ പ്രകടനങ്ങളാണിവ. നിങ്ങൾക്ക് ഇവയിലേതെങ്കിലും ഒരു വിഷയത്തെ വികസിപ്പിച്ച് എഴുതി അയക്കാമോ..?*

**-എഡിറ്റർ**



*സാറ ടോഡ്*

പാചകമാണ് തന്റെ വഴിയെന്ന് തിരിച്ചറിഞ്ഞ് മോഡലിംഗ് കരിയർ ഉപേക്ഷിച്ച് ഗോവയിലെത്തിറസ്റ്റോറന്റ് തുടങ്ങിയ ആസ്ത്രേലിയക്കാരി സാറ ടോഡ് സംസാരിക്കുന്നു...

# അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്..

**സൂസന്ന മിർട്ടിൽ ലാസറസ്**

മൊഴിമാറ്റം: ഐറിൻ എലിസബത്ത് എബി

മുൻ മോഡലും ആസ്ട്രേലിയക്കാരിയുമായ സാറ ടോഡ് ഗോവയിലെ തന്റെ സ്വപ്ന പദ്ധതിയായ അന്റാരെസ് റെസ്റ്റോറന്റ് ആരംഭിക്കുക വഴി രുചിയുടെ ഒരു സമാന്തര പാത തന്നെയാണ് സൃഷ്ടിച്ചിരിക്കുന്നത്. ആരോഗ്യകരമായ ഭക്ഷണം രുചികരമല്ല എന്ന മുൻധാരണയെ തിരുത്തി എഴുതുകയാണ് അവർ. മോഡലിങ്ങ് എന്ന മോഹനമായ ജോലി ഉപേക്ഷിച്ച്, രുചിവൈവിധ്യങ്ങളുടെ ലോകത്തേക്കിറങ്ങാൻ സാറയെ പ്രേരിപ്പിച്ചത് അതിനോടുള്ള അഭിനിവേശം തന്നെയാണ്. മാസ്റ്റർ ഷെഫ് ഓസ്ട്രേലിയ മത്സരാർത്ഥിയായിരുന്ന സാറ, ഇപ്പോൾ തന്റെ ആദ്യ പുസ്തകമായ ദ ഹെൽത്തി മോഡൽ കുക്ക് ബുക്കിന്റെ പണിപ്പുരയിലാണ്. ആരോഗ്യപ്രദമായ 100 വ്യത്യസ്ഥ വിഭവങ്ങൾ, രുചിയിൽ യാതൊരു ഒത്തുതീർപ്പുമില്ലാതെ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ് സാറ. തന്റെ റെസ്റ്റോറന്റിന്റെ മേൽനോട്ടത്തിനിയിലും, അതിഥികളെ പ്രസന്നവദനയായി സ്വീകരിക്കുന്നതിലും അവരോട് സംവദിക്കുന്നതിലും സന്തോഷം കണ്ടെത്തുന്ന സാറയുമായുള്ള അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.....

**1എങ്ങനെയാണ് താങ്കളുടെ താൽപര്യം മോഡലിങ്ങിൽ നിന്ന് പാചകത്തിലേക്ക് വഴി മാറിയത്? എങ്ങനെയാണ് അത് നിങ്ങളുടെ കരിയർ ആയി മാറിയത്?**

ഞാൻ ഭക്ഷണത്തോട് വളരെ ഇഷ്ടമുള്ളയാളാണ്. മകനോടൊപ്പം ലണ്ടനിൽ താമസിക്കുമ്പോഴും ഞാൻ മോഡലിങ്ങ് ചെയ്യുകയായിരുന്നു. എനിക്ക് അവനിൽ നിന്ന് അകന്നിരിക്കാനാവുമായിരുന്നില്ല. അതിനാൽതന്നെ, അവനോടൊപ്പം ആയിരിക്കാൻ എന്നെ അനുവദിക്കുന്ന, എനിക്ക് താത്പര്യമുള്ള ഒരു തൊഴിൽ കണ്ടെത്താനായാരുന്നു എന്റെ ശ്രമം. ആ കാലത്താണ് ഞാൻ വളരെ അധികം പാചകം ചെയ്ത് തുടങ്ങിയത്. അതെനിക്കൊരു വിനോദമായിരുന്നു. വിഭവങ്ങളുടെ നിയതമായ രീതി വിട്ട് ഞാൻ എന്റേതായ പരീക്ഷണങ്ങൾക്ക് മുതിർന്നു. . അതെനിക്ക് വളരെയധികം ആനന്ദം നൽകി. അതാണ് എന്നിൽ ഉറങ്ങിക്കിടന്ന കഴിവുകളെ ഉത്തേജിപ്പിച്ചത്. അധികം വൈകാതെ തന്നെ, പാചകമാണ് എന്റെ വഴിയെന്ന് ഞാൻ തിരിച്ചറിഞ്ഞു.

**എങ്ങനെയാണ് മാസ്റ്റർ ഷെഫ് ഓസ്ട്രേലിയ മത്സരം താങ്കളുടെ രിചുകളിലൂടെയുള്ള യാത്രയെ സ്വാധീനിച്ചത്?**

ലഭ്യമായ ചേരുവകൾ വെച്ച് വ്യത്യസ്തമായ രീതികളിലൂടെ രുചികരമായ വിഭവങ്ങൾ സൃഷ്ടിക്കാനുള്ള കഴിവാണ് ഒരു ഷെഫിന് വേണ്ടത് എന്ന എന്ന് മാസ്റ്റർ ഷെഫ് മത്സരം എന്നെ പഠിപ്പിച്ചു. ലഭ്യമായവ വെച്ച് തികച്ചും സന്തുലിതമായ രുചി സൃഷ്ടിക്കുക എന്നതായിരുന്നു മത്സരം. മത്സരത്തിന്റെ ഭാഗമായ മിസ്റ്ററി ബോക്സ് ചലഞ്ചിൽ മുമ്പെങ്ങും ഒരുമിച്ചുപയോഗിച്ച് കണ്ടിട്ടില്ലാത്ത ഒരു കൂട്ടം ചേരുവകൾ ഒന്നിച്ചു ചേർക്കുക എന്ന വെല്ലുവിളി ആണ് അഭിമുഖീകരിക്കേണ്ടി വന്നത്. മാസ്റ്റർ ഷെഫ് മത്സരം എന്റെ ജീവിതത്തെ തന്നെ മാറ്റിമറിച്ചു.

**താങ്കളുടെ പുസ്തകത്തെപറ്റി പറയൂ. എന്തെല്ലാം ഞങ്ങൾക്ക് പ്രതീക്ഷിക്കാം?**

അടിസ്ഥാനപരമായി, പുസ്തകത്തിന്റെ ആശയം പ്രാദേശികമായി ലഭ്യമായ ഭക്ഷ്യവസ്തുക്കൽ ഉപയോഗിച്ച് രുചികരമായ ഭക്ഷണം ഉണ്ടാക്കുകയെന്നതാണ്. ആരോഗ്യം, ഭക്ഷണം എന്നിവയെപ്പറ്റിയുള്ള എന്റെ കാഴ്ചപ്പാട് കഴിയുന്നത്ര പോഷകങ്ങൾ ഉൾക്കൊള്ളിക്കുമ്പോൾ തന്നെ പലതരം രുചികൾ സംയോജിപ്പിക്കുക എന്നതാണ്. പ്രത്യേകിച്ചും ഇന്ത്യപോലെ

വൈവിധ്യം നിറഞ്ഞ രുചിഭേദങ്ങളും അതിശയിപ്പിക്കുന്ന മസാലക്കൂട്ടുകളും ഉള്ള ഒരു രാജ്യത്ത് ഈ ആശയം പരീക്ഷിക്കാൻ എളുപ്പമാണ്. ആരോഗ്യകരമായ ഭക്ഷണം രുചികരമല്ല എന്നൊരു വിചാരം ജനങ്ങൾക്കിടയിൽ രൂഢമൂലമായിട്ടുണ്ട്. പക്ഷേ, അത് തികച്ചും മുൻവിധി മാത്രമാണ്. രുചികരമായ വിഭവങ്ങൾ ആരോഗ്യപ്രദമാക്കി മാറ്റുവാൻ കഴിയും. അതാണ് എന്റെ ചിന്താഗതി. ഇത് തന്നെ ആണ് ഞാൻ എന്റെ പുസ്തകത്തിലൂടെ പങ്കുവെക്കുന്നതും.


**എങ്ങനെയാണ് താങ്കൾ ദ ഹെൽത്തി മോഡൽ കുക്ക് ബുക്ക് എന്ന ആശയത്തിലെത്തിച്ചേർന്നത്?**

എന്റെ ജീവിതത്തെ പറ്റി അന്വേഷിക്കുന്ന ഓരോ വ്യക്തിയും ആദ്യം ചോദിക്കുന്നത് ഒരു ഷെഫ് എന്ന നിലയിൽ വളരെയേറെ ഭക്ഷണം കഴിച്ചിട്ടും ഞാൻ എങ്ങനെയാണ് ഇത്ര ആരോഗ്യവതിയായിരിക്കുന്നതെന്നാണ്. ആ ഭക്ഷണരീതികളും വിഭവങ്ങളുമാണ് ഈ പുസ്തകം പഠിപ്പിക്കുന്നത്. ആരോഗ്യപ്രവും രുചികരവുമായ ഭക്ഷണം ഉണ്ടാക്കുന്നതെങ്ങനെ എന്ന ചോദയത്തിനുള്ള വ്യക്തമായ ഉത്തരം മറ്റുള്ളവരിലേക്ക് എത്തിക്കുവാനുള്ള ഫലപ്രദമായ മാർഗ്ഗമായാണ് ദ ഹെൽത്തി കുക്ക് ബുക്കിനെ കാണുന്നത്.

**താങ്കളുടെ പുസ്തകത്തെ സ്വാധീനിച്ച ഘടകങ്ങൾ ഏതൊക്കേയാണ്?**

വ്യക്തമായി ഒന്നും അവലംബിച്ചിട്ടില്ലെങ്കിലും, ചെറിയതോതിൽ പല പാചകരീതികളുടെയും അംശം കാണാനാവും. പലവിധ സംസ്കാരങ്ങൾ സംഗമിക്കുന്ന ഓസ്ട്രേലിയ എന്ന രാജ്യത്തിൽ നിന്നുള്ളയാളായതിനാൽ തന്നെ ചെന്നുചേരുന്ന എല്ലായിടത്തുനിന്നും പലതും സ്വാംശീകരിക്കാറുണ്ട്. എനിക്ക് പ്രിയങ്കരമായ പല വിഭവങ്ങളും വ്യത്യസ്തതയോടെയാണ് ഞാൻ അവതരിപ്പിക്കാറുള്ളത്. എന്റെ പാചകത്തിൽ ഇൻഡ്യൻ, യൂറോപ്യൻ, ദക്ഷിണപൂർവേഷ്യൻ എന്നീ രുചികൾ കണ്ടെത്താൻ സാധിക്കും. ഞാൻ രുചികളും പോഷകങ്ങളും സംയോജിപ്പിച്ച് വ്യത്യസ്തമായ ഒരു പാചകശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്.

**ആരോഗ്യകരമായ ഭക്ഷണത്തെയും ജീവിതത്തെയും കുറിച്ചുള്ള താങ്കളുടെ വ്യക്തിപരമായ സമീപനം ആണ് പുസ്തകത്തിലൂടെ പ്രതിഫലിക്കുന്നത്. ദൈനംദിന ജീവിതത്തിൽ എതെങ്ങനെ പ്രാവർത്തികമാക്കാം എന്ന് വിശദീകരിക്കാമോ?**




എന്നെ സംബന്ധിച്ചിടത്തോളം ജീവിതം ആഘോഷിക്കാൻ ഉള്ളതാണ്. താങ്കൾക്കിഷ്ടമുള്ളത് ഒഴിവാക്കുന്നതിലൂടെ അത് സാധ്യമല്ല. കലോറി കണക്കാക്കാതെ പോഷകമൂല്യം മാത്രം മാനദണ്ഡമാക്കി ആഹാരം കഴിക്കാനാണ് എനിക്ക് ഇഷ്ടം. എന്തെങ്കിലും ഒഴിവാക്കുന്നതിനോട് എനിക്ക് വിയോജിപ്പാണുള്ളത്. ഞാൻ ചിന്തിക്കുന്നത് പോഷകങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ എങ്ങനെ ഭക്ഷണം ആരോഗ്യപ്രദമാക്കാം എന്നാണ്. പഴങ്ങളും പച്ചക്കറികളും മറ്റും ദൈനംദിനാഹാരത്തിന്റെ ഭാഗമാക്കുക വഴി ഒന്നും ഒഴിവാക്കാതെ തന്നെ ആരോഗ്യകരമായി ജീവിക്കാം.

**സന്തുലിതമായ ആഹാരശീലമാണ് മുഖ്യം എന്നാണോ?**

തീർച്ചയായും. ആഹാരസന്തുലനം തന്നെയാണ് പ്രാധാനം. അങ്ങനെയാണ് എന്റെ ജീവിതം ഞാൻ ക്രമപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യപ്രദമായ ഇത്തരം ആഹാരശീലങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള ഉപാധി ആണ് എന്റെ പുസ്തകം. എനിക്ക് പറയാനുള്ളത്, എല്ലാംതുറന്ന മനസ്സോടെ സ്വീകരിക്കുക. എല്ലാം സ്വൽപ്പം എങ്കിലും പരീക്ഷിച്ചുനോക്കുക. ചോക്ലേറ്റോ പുഡ്ഡിങ്ങോ കഴിച്ചു എന്ന് കരുതി ശരീരത്തെ പട്ടിണിക്കിട്ട് പീഢിപ്പിക്കാതെയിരിക്കുക.

**പാചകപുസ്തകത്തിന്റെ എഴുത്തനുഭവം വിശദീകരിക്കാമോ? എങ്ങനെയാണ് പുസ്തകത്തിൽ ചേർക്കേണ്ട 100 വിഭവങ്ങളെപ്പറ്റി ഒരു ധാരണയിലെത്തിയത്?**

ഞാൻ യാത്രചെയ്തിട്ടുള്ള എല്ലാ സ്ഥലങ്ങളിലും കണ്ടെത്തിയ മികച്ച് വിഭവങ്ങൾ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. ഇതൊരു പാചകപുസ്തകമാണെങ്കിലും എന്നെപ്പറ്റിയും എന്റെ യാത്രകളെപറ്റിയും ഒരു ചെറു വിവരണം ആമുഖമായി നൽകിയിട്ടുണ്ട്. നിത്യജീവിതത്തിൽ പ്രയോഗിക്കാവുന്ന പല പാചകസൂത്രങ്ങളും വിദ്യകളും ഞാൻ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. എന്റെ ആരോഗ്യസംരക്ഷണത്തിൽ ആയുർവ്വേദത്തിനും മറ്റുമുള്ള പങ്കും വിവരിച്ചിട്ടുണ്ട്. ചില ക്ലാസിക് വിഭവങ്ങൾ ചെറിയ മാറ്റങ്ങളോടെ എന്നാൽ അനാരോഗ്യകരമാകാതെ രുചി വർദ്ധിപ്പിക്കാൻ ചില ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, ബട്ടർ ചിക്കൻ ഞാന്ത് പാചകം ചെയ്യുന്നത് വെണ്ണയോ ക്രീമോ ഒന്നും ഉപയോഗിക്കാതെയാണ്. ഇത്തരത്തിൽ ആ വിഭവം കൂടുതൽ ആരോഗ്യകരമായിത്തീരുന്നു. അതിനാൽ ആശങ്കകളില്ലാതെ ആ വിഭവം ആസ്വദിക്കാനുമാവും. ഇത്തരത്തിലാണ് എന്റെ പാചകപരീക്ഷണങ്ങൾ.(കടപ്പാട്-ദ ഹിന്ദു)



*സാറ ടോഡും കുടുംബവും*

# അമ്മിയും ഉരലും

ടി.ഐ. ലാലു

പ്രമുഖ സിനിമാതാരം മഞ്ജുവാരിയർ രംഗത്തു വരുന്ന കറിപൗഡറിന്റെ പരസ്യം ദൃശ്യമാധ്യമങ്ങളിൽ പതിവായി കാണാം. ഈ പരസ്യത്തിന്റെ ആരംഭത്തിൽ മഞ്ജുവാരിയർ ഏതാണ്ടിങ്ങനെ പറയുന്നു: "കറിപൗഡർ എന്നൊക്കെ പറഞ്ഞു വാങ്ങിക്കൊണ്ടുവരുന്നതിൽ എന്താ ഉള്ളതെന്നു ആർക്കറിയാം. പച്ചക്കറിയാണെങ്കിൽ കഴുകുകയെങ്കിലും ചെയ്യാം." കറിപൗഡറുകളെ കുറിച്ച് മഞ്ജുവാരിയർ ഇത്രയും പഴിപറയുന്നതു കേൾക്കുമ്പോൾ ഇനി അവർ കറിപൗഡറുകൾ തീർത്തും ഒഴിവാക്കണമെന്നു നിർദേശിക്കുമെന്നാണ് നാം വിചാരിക്കുക. അതേസമയം നമ്മളെയെല്ലാം പമ്പരവിഡ്ഢികളാക്കിക്കൊണ്ട് അവർ മറ്റൊരു ബ്രാന്റ് കറിപൗഡറിന്റെ മേൻമയെ കുറിച്ചാണ് പിന്നീട് വാചാലമാകുന്നത്. നമ്മുടെ സാമാന്യബുദ്ധിയെ ചോദ്യം ചെയ്യുന്ന ഇന്നത്തെ പരസ്യങ്ങളുടെ ഒരു ക്ലാസിക് ഉദാഹരണമാണ് ഈ പരസ്യം. ഇക്കാലത്ത് ദൃശ്യ മാധ്യമങ്ങളിലെ പല ജനപ്രിയ പരിപാടികളും സ്പോൺസർ ചെയ്യുന്നത് കറിപൗഡർ കമ്പനിക്കാരാണ്.

നമ്മുടെ വിപണികളിൽ ലഭ്യമാകുന്ന മിക്ക കറിപൗഡറുകളിലും മായം കലർന്നിട്ടുണ്ടെന്ന് പരിശോധനകളിൽ വ്യക്തമായിട്ടുള്ള വസ്തുതയാണ്. മായങ്ങളിൽ ചിലത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മാരക വിഷങ്ങളാണത്രെ! അമ്മിയും ഉരലും നമ്മുടെ വീടുകളുടെ പടിയിറങ്ങി പോയതോടെ കണ്ണഞ്ചിപ്പിക്കുന്ന പാക്കറ്റുകളിൽ വരുന്ന കറിപൗഡറുകൾ നമ്മുടെ അടുക്കളയിൽ ഇന്ന് മാന്യമായ സ്ഥാനം പിടിച്ചിരിക്കുന്നു.

അമ്മിയിൽ അരച്ചെടുക്കുന്ന അരവുസാധനങ്ങൾക്ക് ഓരോ തവണയും വ്യത്യസ്ത പാകമാണുണ്ടാവുക. അതിനാൽ തന്നെ നമ്മുടെ കറികൾക്കും മറ്റും എല്ലാ ദിവസവും വ്യത്യസ്ത രുചിയായിരിക്കും. അതെ, പാചകത്തിനു വൈവിധ്യം സൃഷ്ടിക്കുന്നതിൽ അമ്മിക്കും ഉരലിനും നല്ലൊരു പങ്കുണ്ടായിരുന്നുവെന്നു ചുരുക്കം. കുത്തകക്കാരായ വൻകിടക്കാർ ആനപ്പുറത്ത് കയറി നടത്തുന്ന പ്രചാരണരണവും സാങ്കേതികവിദ്യകളുടെ അതിപ്രസരവും അമ്മിയെയും ഉരലിനെയും ഇന്ന് നമ്മുടെ വീടുകളിൽ നിന്ന് അകറ്റി നിർത്തിയിരിക്കുകയാണ്. എങ്ങനെയെങ്കിലും ഇവ രണ്ടിനെയും തിരിച്ച് നമ്മുടെ വീടുകളിലേക്ക് തിരികെ കൊണ്ടുവരുന്നതിനെ കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

---

# ബൊക്കെ സമരം

സമരമാർഗ്ഗങ്ങൾ

പി. എ. പൗരൻ

***ബൊക്കെ കൊടുത്ത് ഒരു അഹിംസാ സമരമാർഗ്ഗം...***

വ്യത്യസ്തമായ സമരമാർഗ്ഗങ്ങൾ സ്വീകരിച്ച് പൊതുപ്രവർത്തനം നടത്തുന്നവരുടെ കാലമാണിത്. പതിവു രീതികളിലുള്ള സമര മാർഗ്ഗങ്ങൾ വിട്ട് നവീനമായ സമരമാർഗ്ഗങ്ങൾ പല വിദേശ രാജ്യങ്ങളിലും നടക്കാറുണ്ട്. മലപ്പുറം ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്ത് ഓഫീസിൽ പതിവായി വൈകിയെത്തുന്ന ജീവനക്കാരെക്കൊണ്ട് ജനം പൊറുതിമുട്ടിയപ്പോൾ ഒരുകൂട്ടം ചെറുപ്പക്കാർ വ്യത്യസ്തമായ സമരമാർഗ്ഗം അവലംബിച്ചാണ് വൈകിയെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പ്രതികരിച്ചത്. നാനാ ആവശ്യങ്ങൾക്കായി പഞ്ചായത്ത് ഓഫീസിൽ എത്തുന്ന ജനങ്ങൾക്ക് ഒഴിഞ്ഞ കസേരകളാണ് പലപ്പോഴും കാണാൻ കഴിയുക. ഒരു ദിവസം കുറേ ബൊക്കെകളുമായി ചെറുപ്പക്കാർ പഞ്ചായത്ത് ഓഫീസിനു സമീപം കാത്തിരുന്നു. പത്തുമണിയും കഴിഞ്ഞ് പതിവുപോലെ പാട്ടുംപാടി എത്തിയ ഉദ്യോഗസ്ഥൻമാരെ സമരക്കാർ ബൊക്കെ നൽകിയാണ് സ്വീകരിച്ചത്. ബൊക്കെ വാങ്ങി അവരവരുടെ കസേരകളിലെത്തിയപ്പോഴാണ് സമരക്കാരുടെ ഉദ്ദേശം ഉദ്യോഗസ്ഥർക്ക് മനസ്സിലായത്. തികച്ചും അഹിംസാ രീതിയിലുള്ള ഈ സമരമാർഗ്ഗം പെട്ടെന്നു തന്നെ സാമൂഹികമാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെട്ടു. സംഗതി കൈവിട്ടുപോകുമെന്ന് മനസ്സിലാക്കിയ ഉദ്യോഗസ്ഥൻമാർ സമരക്കാർക്കെതിരെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തി എന്ന് ആരോപിച്ച് പോലീസിൽ പരാതി കൊടുത്ത് തടിതപ്പാൻ ശ്രമിച്ചു. ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുന്നത് ജാമ്യമില്ലാത്ത വകുപ്പായതിനാൽ സമരക്കാർ സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യത്തിന് ഹരജി കൊടുത്തു. ജാമ്യം നിഷേധിച്ചതിനാൽ ഹൈക്കോടതിയെ സമീപിച്ചു. സമരക്കാരുടെ പ്രവർത്തി ഇന്ത്യൻ പീനൽകോഡ് 353-ാം വകുപ്പ് പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്ന കുറ്റകൃത്യത്തിന്റെ പരിധിയിൽ പെടുന്നതല്ല എന്ന് ഹൈക്കോടതി കണ്ടെത്തുകയാണുണ്ടായത്. പുതിയ കാലത്ത് സമാധാനപരമായ പുത്തൻ സമരമാർഗ്ഗങ്ങൾ പൊതുപ്രവർത്തകർ കണ്ടെത്തേണ്ടിയിരിക്കുന്നു.

---

നന്നായി ചെയ്തിട്ടുള്ള പ്രവർത്തിയുടെ പ്രതിഫലമതു ചെയ്യുകയെന്നതാണ്.

-റാൽഫ് വാൽഡോ എമെഴ്സൺ



# ഒരു പോസ്റ്റ് കാർഡെങ്കിലും

**മണമ്പൂർ രാജൻ ബാബു.**

വായിച്ചുകൊണ്ടിരിക്കുന്ന ഈ ലിറ്റിൽ മാസിക തപാലിൽ അയക്കാനാവാത്ത കാലം വളരെ ദൂരെയൊന്നുമല്ല. ആനുകാലിക പ്രസിദ്ധീകരണങ്ങളെ രണ്ടാം തരമോ മൂന്നാംതരമോ ഒക്കേയായ തപാലുരുപ്പടികളായി, തപാലാപ്പീസുകൾ ഇപ്പോൾ പരിഗണിച്ചുവരുന്നതായാണ് അനുഭവം. തന്മൂലം, അവ എപ്പോഴെങ്കിലും മേൽവിലാസക്കാർക്ക് കിട്ടിയാലായി. തപാൽ ജീവനക്കാരുടെ ഉദാസീനതയല്ല ഇതിനുകാരണം. സ്പീഡ് പോസ്റ്റ്, രജിസ്റ്റർ തപാൽ, ഇ-മണി ഓർഡർ തുടങ്ങി പ്രഥമ പരിഗണന അർഹിക്കുന്ന തപാൽ ഉരുപ്പടികളുടെ ആധിക്യത്തിന് ആനുപാതികമായി ജീവനക്കാരില്ലാത്തതും ഓൺലൈനിൽ ബുക്കുചെയ്യുന്ന ഉരുപ്പടികൾ തൽക്ഷണം എത്തിക്കേണ്ട ഉത്തരവാദിത്തം നിമിത്തവും പലപ്പോഴും പത്രമാഗസിനുകൾ കെട്ടിക്കിടക്കുകയും യഥാസമയം വിതരണം നടക്കാതെയും വരുന്നു. ജോലി ഭാരത്തിനനുസൃതമായി കൂടുതൽ ജീവനക്കാരെ നിയമിക്കാൻ, സേവനമേഖലയാണെങ്കിലും നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന തപാൽ വകുപ്പിലെ മേൽ അധികാരികളും വകുപ്പ് മന്ത്രിയും ശ്രദ്ധിക്കേണ്ടതുണ്ട്. ജനജീവികളായ പത്രമാഗസിനുകൾ ഇക്കാര്യത്തിൽ ഇടപെടുമെന്ന് പ്രതീക്ഷിക്കുന്നു.

ജൈവമാധ്യമമായ തപാലിലൂടെയുള്ള ആശയവിനിമയത്തെ നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ് പബ്ലിക് സർവ്വീസ് കമ്മീഷനും സർക്കാരുകളും അനുവർത്തിച്ച് വരുന്നത്. നമുക്ക് മുമ്പെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലായ വിദേശവികസിതരാജ്യങ്ങളിൽ തപാൽ അനുസ്യൂതം പ്രവർത്തിച്ച് വരുന്നു. സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം നടപ്പാക്കുന്ന മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും പ്രധാനമന്ത്രിയുടെ പുരസ്കാരം ലഭിക്കുമെന്ന് കേന്ദ്രസർക്കാർ ഈയിടെ പ്രഖ്യാപിക്കുകയുണ്ടായി. കടലാസ് രഹിത ഇ-ഓഫീസാണ് കേന്ദ്രത്തിന്റെ ലക്ഷ്യം. അപ്പോഴും ഭരണകേന്ദ്രങ്ങളിലേക്ക് കടലാസിൽ എഴുതി തപാലിൽ അയക്കാനുള്ള സാധാരണ പൗരന്റെ അവകാശം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. തപാലാപ്പീസ് നിലനിന്നില്ലെങ്കിൽ അച്ചടിച്ച ഒരു ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകവും തപാലിൽ അയക്കാനാവാതെ വരും. അതിനാൽ അതിവേഗ ആശയവിനിമയത്തിന് യന്ത്രമാധ്യമം ഉപയോഗിക്കുമ്പോൾ തന്നെ ജൈവമാധ്യമമായ തപാലും നിലനിർത്തുവാൻ സർക്കാരുകളും ജനങ്ങളും ജനപ്രതിനിധികളും ശ്രദ്ധ പുലർത്തേണ്ടതാണ്. അതിന്റെ ഭാഗമെന്ന നിലക്ക് ആഴ്ചയിൽ ഒരു പോസ്റ്റ് കാർഡെങ്കിലും എഴുതി അയക്കാൻ സാക്ഷരകേരളത്തിലെ അക്ഷരസ്നേഹികളായ നമുക്ക് കഴിയട്ടെ.

ജൈവമാധ്യമമായ
തപാലിലൂടെയുള്ള
ആശയവിനിമയം
ഇനി എത്ര നാൾ..?

---



**ലിറ്റിൽപ്രിന്റ്**
ലിറ്റിൽ മാസികയുടെ പ്രസാധക സംരംഭം: സമാന്തര മാസികാ പ്രവർത്തനത്തിന്റെ ഭാഗം തന്നെയാണ് പുസ്തക പ്രസാധനവും .ബന്ധങ്ങൾക്ക്: **9946428284**

ലിറ്റിൽമാസിക പ്രസിദ്ധീകരിച്ച കെ. അരവിന്ദാക്ഷന്റെ കാലുകൾ കൊണ്ട് ധ്യാനിക്കുക പുസ്തകത്തിന്റെ തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വെച്ച് നടന്ന പ്രകാശനച്ചടങ്ങിൽ നിന്ന്.

. അരവിന്ദാക്ഷൻ രചിച്ച് ലിറ്റിൽ മാസിക പ്രസിദ്ധീകരിക്കുന്ന
കാലുകൾ കൊണ്ട് ധ്യാനിക്കുക എന്ന പുസ്തകത്തിന്റെ പ്രകാശനം 2016 സെപ്റ്റംബർ 22 ന്
തൃശ്ശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടന്ന ചടങ്ങിൽ വെച്ച്
കവി പി.രാമൻ നിർവ്വഹിച്ചു.

ഈ പുസ്തകം നടത്തത്തെക്കുറിച്ചാണ്.
ഭൂമിയിലെ ഓരോ മനുഷ്യനും നടത്തത്തെപ്പറ്റി പുതിയതായി എന്തെങ്കിലും പറയാനുണ്ടാവും. ഓരോ നടത്തവും വ്യത്യസ്തമാണ്. എല്ലാ നടത്തവും ഒരിടത്തേയ്ക്കാണെങ്കിലും.
വായിക്കുന്നതിനിടയിൽ നിങ്ങൾക്ക് ഇതിനോട് കൂട്ടിച്ചേർക്കാം; അവസാനം വരെ കാത്ത് നിൽക്കണമെന്നില്ല.
നടത്തത്തിന് അവസാനമില്ലല്ലോ. ഇനി, പുതിയൊരു തുടക്കം തന്നെ സൃഷ്ടിക്കുന്നതും സ്വാഗതാർഹമാണ്.

അങ്ങിനെ, ഈ വരികൾ നിങ്ങളുടെയുമാണെന്ന
പ്രാർത്ഥനയോടെ ഈ പുസ്തകത്തിലൂടെ നടക്കാം..

**പുസ്തകം തപാലിൽ കിട്ടാൻ** ചുങ്കത്തറ പി.ഒ., മലപ്പുറം 679334 എന്ന വിലാസത്തിൽ **90 രൂപ അയക്കുക**







Prepare to do small things...
subscribe to **Little Masika**

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A- One offset, Ramanattukara for Co-Operative Press Chungatharaþ679334